# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഒക്ടോബർ 26 | ദീപം 56 | നാളം 33 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# നീതിപീഠം ജീവന്റെ കാവലാളാകുമ്പോൾ



ജോൺസൺ ചൂരേപ്പറമ്പിൽ

ജീവനും ജീവിതമൂല്യങ്ങളും സംസ്കൃതിയോടിഴ ചേർന്ന ഭാരതത്തിൽ, ജീവന്റെ സംസ്കാരത്തിന് ഊർജം പകരുന്നൊരു ഉണർത്തുപാട്ട് പരമോന്നതനീതിപീഠത്തിൽനിന്നു കേൾക്കാനായതിന്റെ ആഹ്ലാദത്തിലാണു നമ്മൾ ഭാരതീയർ. ജീവനെ സ്നേഹിക്കുന്നവർക്കു പ്രത്യാശയുടെ സംഗീതംപോലെ ഒരുണർത്തുപാട്ട്. ഗർഭച്ഛിദ്രം എന്ന തെറ്റിന്, സ്വവർഗവിവാഹം എന്ന പ്രകൃതിയോടിണങ്ങാത്ത അവകാശവാദത്തിന്, കൈയടിക്കാൻ ഞങ്ങളില്ലെന്നു നീതിപീഠം ആർജവത്തോടെ വിളിച്ചുപറഞ്ഞ രണ്ടു സുപ്രധാന വിധികൾ.

ഭൂമിയിൽ ജനിച്ചു ജീവിക്കാൻ മനുഷ്യജീവനെ പ്രാപ്തമാക്കാനും, വിവാഹമെന്ന മഹനീയ ഉടമ്പടിയെ വിശുദ്ധമാക്കാനും സഹായിക്കുന്ന പരമപ്രധാനമായ വിധികളാണ് ഇന്ത്യൻ സുപ്രീം കോടതി ഒക്ടോബർ 16നും 17നുമായി പുറപ്പെടുവിച്ചത്. വിധി ഭാരതത്തിനുമാത്രമല്ല ജീവന്റെ മൂല്യങ്ങൾക്കു വില കല്പിക്കുന്ന അന്താരാഷ്ട്രസമൂഹത്തിനാകെയും അഭിമാനവും പ്രതീക്ഷയും പകരുന്നതാണ്.

### നിയമസാധുതയില്ലാവുന്ന ഗർഭച്ഛിദ്രം

ഇന്ത്യയിൽ ഗർഭച്ഛിദ്രത്തിന്റെ നിയമസാധുത സംബന്ധിച്ചു നിർണായകമാണ് സുപ്രീംകോടതി ഈ വിഷയത്തിൽ ഒടുവിൽ പുറപ്പെടുവിച്ച വിധി. 26 ആഴ്ച പിന്നിട്ട ഗർഭം അലസിപ്പിക്കുന്നതിന് അനുമതി തേടിക്കൊണ്ടു വിവാഹിതയായ ഒരു സ്ത്രീ സമർപ്പിച്ച ഹർജി തള്ളിക്കൊണ്ടാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസ്മാരായ ജെ.ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് ഈ നിർണായകവിധി പുറപ്പെടുവിച്ചത്.

ഭ്രൂണത്തിൽ ജീവന്റെ ലക്ഷണങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ ഭ്രൂണഹത്യയ്ക്ക് ഉത്തരവിടാൻ ആഗ്രഹിക്കുന്നില്ലെന്നു കോടതി വ്യക്തമാക്കിയപ്പോൾ, നിലവിലുള്ള ഏതൊരു നിയമവും മനുഷ്യജീവന്റെ നിലനില്പിനു വിധേയമാണെന്നാണ് പരമോന്നതനീതിപീഠം കണ്ടെത്തിയത്.

ഗർഭച്ഛിദ്രം അവകാശപ്പെടുന്ന സ്ത്രീയ്ക്കു സ്വന്തം ശരീരത്തിൽ അവകാശമുള്ളതുപോലെ ഗർഭസ്ഥശിശുവിനും അതേ അവകാശമുണ്ടെന്നുള്ള കോടതിയുടെ കണ്ടെത്തൽ മനുഷ്യജീവനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയും ജീവന്റെ നിലനില്പിനായി പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ഊർജവും ശക്തിയും പകരുന്നതാണ്.

▸2

# വികസനസ്വപ്നങ്ങൾക്കു ചിറകുവിടർത്തി വിഴിഞ്ഞം



പ്രൊഫ. റോണി കെ. ബേബി

വിഴിഞ്ഞം തുറമുഖത്തേക്ക് ആദ്യ കപ്പലായ ഷെൻ ഹുവ എത്തിയതോടെ കേരളത്തിന്റെ വികസന സ്വപ്നങ്ങളും വാനോളം പറക്കുകയാണ്. കേവലം ഒരു തുറമുഖപദ്ധതി എന്നതിനെക്കാൾ ഉപരിയായി ടൂറിസം, വ്യവസായം, വാണിജ്യം, ഗതാഗതം തുടങ്ങിയ രംഗങ്ങളിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ പോകുന്ന സ്വപ്നപദ്ധതിയാണ് വിഴിഞ്ഞത്തു ചിറകുവിരിക്കുന്നത്.

### വിഴിഞ്ഞം തുറമുഖചരിത്രം

ദൈവത്തിന്റെ സ്വന്തംനാടിനു പ്രകൃതി കനിഞ്ഞുനൽകിയ വരദാനമാണ് അറബിക്കടലിന്റെ തീരത്തുള്ള മനോഹരഗ്രാമമായ വിഴിഞ്ഞം. വിഴിഞ്ഞത്തിന് കേരളചരിത്രത്തിൽ വളരെയേറെ പ്രസക്തിയുണ്ട്. കേരളസർവകലാശാലയിലെ ഗവേഷകസംഘം നടത്തിയ പഠനത്തിൽ വിഴിഞ്ഞം പുരാതനകേരളത്തിലെ പ്രധാന തുറമുഖമായിരുന്നുവെന്നു കണ്ടെത്തിയിട്ടുണ്ട്. റോമിലെയും മെസപ്പൊട്ടോമിയയിലെയും സഞ്ചാരികൾ അവരുടെ കുറിപ്പുകളിൽ വിഴിഞ്ഞത്തെ പരാമർശിക്കുന്നുണ്ട്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അജ്ഞാതനായ നാവികന്റെ 'പെരിപ്ലസ് ഓഫ് എറിത്രിയൻ സീ' എന്ന യാത്രാവിവരണത്തിലും വിഴിഞ്ഞത്തെക്കുറിച്ചു പരാമർശമുണ്ട്.

ആയ് രാജാക്കൻമാരുടെ തുറമുഖനഗരമായിരുന്ന വിഴിഞ്ഞം കേന്ദ്രീകരിച്ചായിരുന്നു അവരുടെ പ്രധാന സൈനികകേന്ദ്രവും. എ ഡി 990 കാലഘട്ടത്തിൽ ഈ പ്രദേശം രാജരാജ ചോളൻ ആക്രമിച്ചു കീഴ്പ്പെടുത്തുകയും രാജേന്ദ്രചോളപട്ടണം എന്നു നാമകരണം ചെയ്യുകയും ചെയ്തു. മദ്രാസ് മ്യൂസിയത്തിൽ ലഭ്യമായിട്ടുള്ള ഏടിൽ 781 ൽ പാണ്ഡ്യചക്രവർത്തിയായ നെടുംചടയൻ വേണാട് ആക്രമിക്കുകയും രാജാവിനെ വധിച്ചു തലസ്ഥാനമായിരുന്ന വിഴിഞ്ഞം നഗരവും കോട്ടയും സമ്പത്തും കീഴടക്കിയതായും പറയുന്നുണ്ട്.

ഇന്ത്യ സ്വതന്ത്രയാകുന്നതിനുമുമ്പു തന്നെ വിഴിഞ്ഞത്തു തുറമുഖം വേണമെന്ന ചർച്ചകൾ സജീവമായിരുന്നു. തിരുവിതാംകൂർ രാജാവായിരുന്ന ചിത്തിരതിരുനാൾ ബാലരാമവർമ്മ ഇതിനു മുൻകൈ എടുത്തെങ്കിലും പദ്ധതി മുന്നോട്ടുപോയില്ല.

▸10



# സമാധാനപ്രാവുകൾ അകലെയാണോ?

## "വിശുദ്ധനാട്ടിൽ രക്തച്ചൊരിച്ചിൽ അവസാനിപ്പിക്കണം" മധ്യസ്ഥനാകാൻ തയ്യാറെന്ന് മാർപാപ്പ



തോമസ് കുഴിഞ്ഞാലിൽ

"ഗാസയിലെ രക്തച്ചൊരിച്ചിൽ എത്രയും വേഗം അവസാനിപ്പിക്കണം. വിശുദ്ധഭൂമി ചോരക്കളമാകാൻ അനുവദിച്ചുകൂടാ. കുട്ടികളുടെയും സ്ത്രീകളുടെയും രോഗികളുടെയും ജീവനെടുക്കുന്നത് മഹാ അപരാധമാണ്. പലായനം ചെയ്യുന്നവരെ രക്ഷപ്പെടാൻ അനുവദിക്കുകയും ബന്ദികളെ മോചിപ്പിക്കുകയും വേണം. സംഘർഷം അവസാനിപ്പിക്കാൻ മധ്യസ്ഥതയ്ക്കും ഞാൻ തയ്യാറാണ്." വത്തിക്കാനിൽനിന്നുള്ള ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനമാണിത്. രണ്ടു കൂട്ടരും സംയമനം പാലിക്കണമെന്നും യുദ്ധം മറ്റു രാജ്യങ്ങളിലേക്കു വ്യാപിക്കാതിരിക്കാൻ ജാഗ്രത കാണിക്കണമെന്നും ലോകമെമ്പാടുമുള്ള രാഷ്ട്രത്തലവന്മാർ ഇസ്രായേലിനോടും ഹമാസിനോടും അഭ്യർഥിക്കുന്നതിനിടയിൽ ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം വേറിട്ടതായി.

**ഹമാസ്:ഉദ്ഭവവും വളർച്ചയും**

1973 ൽ ഒരു പരോപകാരസംഘടനയായി ഷെയ്ക് അഹമ്മദ് യാസിൻ രൂപംകൊടുത്ത 'അൽ മുജമ്മ അൽ ഇസ്ലാം' എങ്ങനെയാണ് 'ഹമാസ്' എന്ന സംഘടനയായി രൂപാന്തരപ്പെട്ടത്? യഥേഷ്ടം പണം സ്വരൂപിച്ച് മസ്ജിദുകൾ പണിയാനും ആശുപത്രികൾ സ്ഥാപിക്കാനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു തുടക്കം കുറിക്കാനുമുള്ള അംഗീകാരം ഇസ്രായേൽ നല്കിയിരുന്നു. ഇപ്രകാരം പണിതുയർത്തിയ നിരവധി പള്ളികൾക്കും ആശുപത്രികൾക്കുംപുറമേ ഗാസയിലെ ഇസ്ലാമിക യൂണിവേഴ്സിറ്റിയും ഉൾപ്പെടും.

എന്നാൽ, 1979 ൽ നടന്ന ഇറാനിലെ ഇസ്ലാമികവിപ്ലവം കാര്യങ്ങളെല്ലാം തകിടംമറിച്ചു. അവിടത്തെ പ്രബലരായ മുല്ലാമാരുടെ (മതപുരോഹിതർ) നേതൃത്വത്തിൽ നടന്ന വിപ്ലവം പശ്ചിമേഷ്യയിലെ രാഷ്ട്രീയ സമവാക്യങ്ങൾ തിരുത്തിയെഴുതി. ഇസ്ലാമികവിപ്ലവത്തിന്റെ വിജയമാണു ലോകമെമ്പാടുമുള്ള മുസ്ലീം സംഘടനകളുടെ ശേഷി വർധിപ്പിക്കാനും അധികാരഭ്രാന്തിലേക്ക് അവയെ കൊണ്ടെത്തിക്കാനും പ്രേരകമായത്. 1987-93 കാലത്തെ ആദ്യ 'ഇൻതിഫാദ'യിലേക്കു നയിച്ചത് ഈ ചിന്തയാണ്. 'ഇൻതിഫാദ' എന്നാൽ 'സ്വാതന്ത്ര്യപോരാട്ടം' എന്നോ 'പിടിച്ചുകുലുക്കൽ' എന്നോ അർഥമുണ്ട്. 1967 ലെ അറബ്-ഇസ്രായേൽ യുദ്ധത്തിൽ ഈജിപ്തിൽനിന്ന് ഇസ്രായേൽ പിടിച്ചെടുത്ത ഗാസയിലുണ്ടായ ആദ്യ ഇൻതിഫാദയിലാണ് അഹമ്മദ് യാസിൻ ഇസ്രായേൽ അധിനിവേശത്തിനെതിരേ പോരാടാനുള്ള ആഹ്വാനം നല്കിയത്. 1988 ജനുവരിയിൽ 'അൽ മുജമ്മ അൽ ഇസ്ലാം' എന്ന പേര് പരിഷ്കരിച്ച് 'ഹരാക്കത് അൽ മുഖവമ്മ അൽ ഇസ്ലാമിയ' അഥവാ 'ഹമാസ്' എന്ന പേരിൽ പ്രവർത്തിച്ചുതുടങ്ങി. 'ഹമാസ്' എന്നാൽ 'തീക്ഷ്ണത' എന്ന് അറബിയിൽ അർഥമുണ്ട്. വരുംതലമുറകൾക്കുവേണ്ടി 'അന്ത്യവിധിദിവസം



വരെ' കാത്തുപരിപാലിക്കപ്പെടേണ്ട വിശുദ്ധസ്ഥലമാണ് പലസ്തീൻ എന്ന് ഹമാസിന്റെ മാർഗരേഖയിലുണ്ട്. ചർച്ചകൾക്കുവേണ്ടി വൃഥാ സമയംകളയാതെ നോക്കണമെന്നും 'ജിഹാദ്' മാത്രമേ പരിഹാരമായി കാണുന്നുള്ളൂവെന്നും മാർഗരേ



ഖയിൽ സൂചിപ്പിച്ചിരിക്കുന്നു. 1989 ൽ രണ്ട് ഇസ്രായേൽ സൈനികരെ തട്ടിക്കൊണ്ടുപോവുകയും പിന്നീടു വധിക്കുകയും ചെയ്തുകൊണ്ട് ഹമാസിന്റെ ആക്രമണപരമ്പരയ്ക്കു തുടക്കമിട്ടു.

1990 മുതലുള്ള പത്തുവർഷക്കാലം ഹമാസ് അഴിച്ചുവിട്ട തുടർച്ചയായ ചാവേർ ആക്രമണങ്ങളിൽ പൊറുതിമുട്ടിയ ഇസ്രായേൽ ഭരണനേതൃത്വം ഹമാസിനെ തുടച്ചുനീക്കാൻ ലക്ഷ്യമിട്ട് രഹസ്യാന്വേഷണവിഭാഗമായ മൊസാദിനെ രംഗത്തിറക്കി. ഹമാസ് നേതാക്കളുടെ നീക്കങ്ങൾ നിരീക്ഷിച്ചുവന്ന രഹസ്യാന്വേഷകർ ഷെയ്ക്ക് യാസിനെ 2004 മാർച്ചിലും അധികം വൈകാതെ യാസിന്റെ പിൻഗാമിയായ അബ്ദുൾ അസീസ് അൽ റന്റിസിയെയും വകവരുത്തി. ഇത്രയുമൊക്കെ തിരിച്ചടികൾ നേരിട്ടിട്ടും പോരാട്ടവീര്യം ചോരാത്ത ഹമാസ് പോരാളികൾ സൈന്യത്തിനുനേരേയും യൂദകുടിയേറ്റത്തിനെതിരേയുമുള്ള ആക്രമണങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. 2000 ൽ തുടക്കമിട്ട രണ്ടാം 'ഇൻതിഫാദ'ക്കൊടുവിൽ 2005 ൽ ഗാസയിൽനിന്ന് ഇസ്രായേൽ പിൻവാങ്ങി. ഇതിനുപിന്നാലെ 2006 ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ 132 ൽ 74 സീറ്റു നേടി ഹമാസ് അധികാരത്തിലെത്തുകയും ചെയ്തു. വെസ്റ്റ് ബാങ്കിൽ ഭരണത്തിലിരിക്കുന്ന പി എൽ ഒ യുടെ (പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ) ഉപവിഭാഗമായ ഫത്താ പാർട്ടിക്ക് 45 സീറ്റുകളിലേ ജയിക്കാനായുള്ളൂ. ഇസ്രായേലിനെ നശിപ്പിക്കുമെന്ന പ്രഖ്യാപിതലക്ഷ്യവുമായി അധികാരത്തിലേറിയ ഹമാസ് നേതൃത്വം ഫത്താ പാർട്ടിയെ ഗാസയിൽനിന്നു തുരത്തി. വെസ്റ്റ്ബാങ്കിലുണ്ടായിരുന്ന ഹമാസ് അനുകൂലികൾ ഗാസയിലേക്കു നീങ്ങിയതോടെ 2007 മുതൽ ഗാസാമുനമ്പ് പൂർണമായും ഹമാസിന്റെ നിയന്ത്രണത്തിലായി. 1967 ലെ യുദ്ധത്തിൽ പിടിച്ചെടുത്ത പ്രദേശങ്ങളിൽനിന്നു പിന്മാറണമെന്ന് ഇസ്രായേലിനോട് ആവശ്യപ്പെട്ട ഹമാസ് നേതൃത്വം പിന്നീട്, പടിഞ്ഞാറ് മെഡിറ്ററേനിയൻ കടൽമുതൽ കിഴക്ക് ജോർദാൻനദി വരെയുള്ള മുഴുവൻ പലസ്തീൻപ്രദേശങ്ങളും തങ്ങൾ വിമോചിപ്പിക്കുമെന്ന പ്രഖ്യാപനവും നടത്തി. 1964 ൽ യാസർ അരാഫത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച പി എൽ ഒ ഇസ്രായേലുമായി ചേർന്ന് ഒപ്പിട്ട 1993 സെപ്റ്റംബർ 13-ലെ 'ഓസ്ലോ ഉടമ്പടി'യിൽ ധാരണയിലെത്തിയ ദ്വിരാഷ്ട്ര ഫോർമുലയെയും ഹമാസ് നിരാകരിച്ചു. യാതൊരു കാരണവശാലും ഇസ്രായേലിനെ അംഗീകരിക്കില്ലെന്ന ഏറ്റവും ആപത്കരമായ നിലപാടും ഹമാസെടുത്തു. ജിഹാദിനുള്ള സമയം ഇനിയും ആയിട്ടില്ലെന്ന് അനുയായികളെ ഉദ്ബോധിപ്പിച്ചിരുന്ന മിതവാദിയായിരുന്ന ഈജിപ്തുകാരൻ ഹസൻ അൽ ബണ്ണ 1928 ൽ സ്ഥാപിച്ച 'മുസ്ലീം ബ്രദർഹുഡ്' എന്ന സംഘടനയുടെ തലപ്പത്ത് ഷെയ്ക്ക് യാസിൻ എത്തിയതോടെയാണ് ലോകത്തെ അപകടകാരിയായ ഒരു സംഘടനയായി ഹമാസ് വളർന്നത്. പലസ്തീൻ മുഴുവനും ബ്രിട്ടന്റെ അധീനതയിലായിരുന്ന 1930 കളിലായിരുന്നു 'മുസ്ലീം ബ്രദർഹുഡ്' അവിടെ വേരുറപ്പിച്ചത്. ഭിന്നിച്ചുനില്ക്കുന്ന ഇസ്ലാം മതവിശ്വാസികളെ ഒന്നിച്ചുനിർത്തുകയെന്ന സദുദ്ദേശ്യംമാത്രമേ ബണ്ണയുടെ മനസ്സിലുണ്ടായിരുന്നുള്ളൂ എന്നാണ് വിശ്വാസം.

**മൂന്നാം ഇൻതിഫാദ**

ഇസ്രായേൽ - ഹമാസ് സംഘർഷം മൂന്നാം ഇൻതിഫാദയിലേക്കു നീങ്ങുന്നതിന്റെ എല്ലാ ലക്ഷണങ്ങളും രണ്ടു വർഷംമുമ്പേ കണ്ടുതുടങ്ങിയിരുന്നുവെന്നു പറയപ്പെടുന്നുണ്ട്. 2014 ലെ പരസ്പരമുള്ള റോക്കറ്റാക്രമണങ്ങൾക്കുശേഷമുള്ള മൂന്നു വർഷങ്ങളിൽ വലിയ ഏറ്റുമുട്ടലുകൾ നടക്കാതിരുന്നത് പലസ്തീൻ പ്രശ്നത്തിനു പരിഹാരമുണ്ടായേക്കുമെന്ന തോന്നൽ ജനിപ്പിക്കുകയും ചെയ്തതാണ്. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ 'ഇസ്ലാമിക് ജിഹാദ്' എന്ന തീവ്രവാദസംഘടനയുടെ താവളങ്ങളിൽ ഇസ്രായേൽ യുദ്ധവിമാനങ്ങൾ ബോംബുകളിട്ടപ്പോഴും ഹമാസ് നേതൃത്വം നിശ്ശബ്ദത പാലിച്ചു കണ്ടുനിന്നതേയുള്ളൂ. ഇസ്രായേലിന്റെ മുഖ്യശത്രു ഹമാസല്ല, ഇറാന്റെ പിന്തുണയുള്ള ലബനൻ താവളമാക്കിയ ഹിസ്ബുള്ളയാണെന്ന് ഇസ്രായേലിലെ ഉന്നത സൈനിക ഓഫീസർമാർപോലും അഭിപ്രായപ്പെടുകയും ചെയ്തിരുന്നു.

അൽ അഖ്സ മസ്ജിദ് നില്ക്കുന്ന പഴയ ജറുസലെമിലെ ടെമ്പിൾ മൗണ്ടിൽ 2021 മേയിൽ നടന്ന 11 ദിവസത്തെ ഏറ്റുമുട്ടലിനുശേഷം അവിടത്തെ നിയന്ത്രണം സൈന്യം ഏറ്റെടുത്തതുമുതലാണ് സ്ഥിതിഗതികൾ വഷളായത്. ഇസ്രായേലിലെ രാഷ്ട്രീയനേതാക്കൾ ഉൾപ്പെടെയുള്ള ജൂതമതവിശ്വാസികൾ ടെമ്പിൾ മൗണ്ടു സന്ദർശിച്ചുതുടങ്ങിയത് ഹമാസ്നേതൃത്വം സംശയദൃഷ്ടിയോടെയാണു വീക്ഷിച്ചിരുന്നത്. സുരക്ഷാമന്ത്രിയായ ബെൻ ഗിർ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മൂന്നു തവണയാണ് ടെമ്പിൾ മൗണ്ടിലെത്തിയത്. പുതുതായി രൂപംകൊണ്ട ലയൺസ് ഡെൻ, ജെനിൻ ബ്രിഗേഡ് തുടങ്ങിയ സംഘടനകളിലേക്കു ഹമാസിൽനിന്ന് യുവാക്കൾ ചോർന്നുപോകുന്നതു തടയാനും ഉദ്ദേശിച്ചുകൊണ്ടാണ് കഴിഞ്ഞ യാഴ്ചയിലെ അതിസാഹസത്തിനു ഹമാസ്നേതൃത്വം മുതിർന്നതെന്നു നിരീക്ഷിക്കുന്നവരുമുണ്ട്. പലസ്തീൻ ജനതയുടെ ഏകരക്ഷകർ തങ്ങൾ മാത്രമാണെന്നു വരുത്തിത്തീർക്കാനായിരിക്കാം അവർ ശ്രമിക്കുന്നത്. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



മർത്ത്യന്റെ പ്രവൃത്തികൾ അവിടുന്നു കാണുന്നു; അവിടുത്തെ ദൃഷ്ടിയിൽനിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല.
പ്രഭാഷകൻ 39:19

**എഡിറ്റോറിയൽ**

# ആരോഗ്യകേരളത്തെ വീണ്ടെടുക്കാൻ

മഴക്കെടുതികളും സാംക്രമികരോഗങ്ങളുംകൊണ്ടു പൊറുതിമുട്ടിയ കേരളത്തിന്റെ ആരോഗ്യസ്ഥിതി ആശങ്കാജനകമായ ഘട്ടങ്ങളിലൂടെയാണു കടന്നുപോകുന്നത്. കാലാവസ്ഥകൾ മാറിമാറി വരുന്നതും വൈറസുകൾ വകഭേദങ്ങളോടെ കരുത്താർജിക്കുന്നതും മറ്റും ആരോഗ്യകേരളത്തെ അസ്വസ്ഥമാക്കുന്നുണ്ട്. പ്രളയക്കെടുതികളുടെ പീഡകളിൽനിന്ന് സംസ്ഥാനം ഇനിയും മുക്തമായിട്ടില്ല. കുറേ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടുവെന്നതു ശരിതന്നെ. അതിനുവേണ്ടി സർക്കാരും മതപ്രസ്ഥാനങ്ങളും സന്നദ്ധസംഘടനകളും ഉണർന്നുപ്രവർത്തിച്ചതിനും കേരളം സാക്ഷിയാണ്. പക്ഷേ, ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട് ജീവിതത്തിന്റെ താളംതെറ്റി, മനസ്സു നീറിക്കഴിയുന്ന അനേകായിരങ്ങൾക്കു സമാധാനത്തോടെ ഉറങ്ങാൻ കഴിയുന്നില്ല. കരുതലും കാവലുമൊരുക്കേണ്ട ഉയർന്ന ഉത്തരവാദിത്വത്തിൽനിന്നു പിന്നാക്കം പോകാനോ അതിനെ ചെറുതായിക്കാണാനോ സർക്കാരിനെന്നല്ല, മനഃസാക്ഷിയുള്ള ആർക്കുമാവില്ല എന്നോർക്കുന്നതും ഓർമിപ്പിക്കുന്നതും കാലം അവശേഷിപ്പിക്കുന്ന നന്മയാണ്.

ജനസംഖ്യയുടെ വലിയൊരു ഭാഗവും ജീവിതശൈലീരോഗങ്ങൾക്കു കീഴടങ്ങിയ കേരളത്തിലാണ് പകർച്ചപ്പനികളും സാംക്രമികരോഗങ്ങളും ജീവനു ഭീഷണിയായി കൊടുങ്കാറ്റാരവത്തോടെ കടന്നുവരുന്നത്. മഴക്കാലരോഗങ്ങളായി മാത്രം പകർച്ചവ്യാധികളെ ഒരുകാലത്തു നാം കണ്ടിരുന്നെങ്കിൽ, ഇന്ന് അവ ഏതു സമയത്തും നമ്മെ വിടാതെ പിടികൂടിയിരിക്കുന്നുവെന്നതാണു യാഥാർഥ്യം. കേരളം രോഗക്കിടക്കയിലോ എന്നു തോന്നുമാറ് ആരോഗ്യസംവിധാനത്തിന്റെ താളംതെറ്റിക്കിടക്കുകയാണെന്നു പറയേണ്ടിവരുന്നു.

കഴിഞ്ഞ കുറേ വർഷങ്ങളുടെ രോഗചരിത്രാവലി നമ്മെ പേടിപ്പെടുത്തുന്നതാണ്. പടിവാതിൽക്കൽ കാത്തുനില്ക്കുന്നതുപോലെയാണ് വൈറസുകളും ബാക്ടീരിയകളും അവയുടെ വകഭേദങ്ങളും മനുഷ്യന്റെ ഉറക്കംകെടുത്തുന്നത്. ഡെങ്കിപ്പനി, നിപ, എലിപ്പനി, എച്ച് 1 എൻ 1, ചിക്കുൻഗുനിയ, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികളുടെ പ്രളയസാധ്യതയെ കേരളം മുൻകൂട്ടിക്കണ്ടേ പറ്റൂ. ഒരു പനിയെയും നിസ്സാരമായിക്കാണാനാവില്ല എന്നത്രേ ആരോഗ്യശാസ്ത്രവും ആരോഗ്യസംവിധാനങ്ങളും നമ്മെ ഓർമിപ്പിക്കുന്നത്.

പ്രായമായവരുടെ സംഖ്യ വലിയ തോതിൽ ഉയരുമെന്ന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ആരോഗ്യനയങ്ങളിൽ ദീർഘവീക്ഷണവും നവീകരണവും ആവശ്യമായിവരും. 2031 ൽ കേരളത്തിലെ മൊത്തം ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണം 20.9 ശതമാനമാകുമെന്നാണു കണക്കുകൂട്ടൽ. മുതിർന്ന പൗരരെ ഉൾക്കൊള്ളാനുള്ള മാനസികകരുത്ത് യുവകേരളത്തിനാവശ്യമാണെന്നു പൊതുവേ പറയുന്നതിനുമപ്പുറം അവർക്കുവേണ്ട ചികിത്സാസംവിധാനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്താൻ സർക്കാർ ആശുപത്രികൾ ഒട്ടും വൈകരുത്. കേരളത്തിലെ പൊതുചികിത്സാമേഖലയിൽ ഭൗതികസാഹചര്യങ്ങൾ കുറച്ചൊക്കെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഫലപ്രദമായ ചികിത്സ ലഭ്യമല്ലെന്ന ആക്ഷേപം വ്യാപകമാണ്. ഗുണനിലവാരമുള്ള ചികിത്സയും ഭരണസംവിധാനവും സർക്കാരാശുപത്രികളിൽ ഉറപ്പുവരുത്താൻ ഉത്തരവാദിത്വപ്പെട്ടവർ അവിടുത്തെ ഡോക്ടർമാരും നഴ്സുമാരുംമാത്രമല്ല, ജനപ്രതിനിധികളും ഉദ്യോഗസ്ഥവർഗവുമുൾപ്പെടെയുള്ളവരാണ്. തദ്ദേശസ്ഥാപനാധികൃതർ കൈകഴുകി മാറിനിന്നു രാഷ്ട്രീയം കളിച്ചാൽ, നമ്മുടെ നാടിന്റെ ആരോഗ്യമാണു ക്ഷയിക്കുന്നത്. ആയതിനാൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ആശുപത്രികളുടെ മോശംസ്ഥിതിയിൽനിന്ന് അവയെ കരകയറ്റാൻ യുദ്ധകാലാടിസ്ഥാനത്തിൽ ഉണർന്നുപ്രവർത്തിക്കുന്ന രാഷ്ട്രീയനേതൃത്വം ഉണ്ടാകണം.

കൊവിഡ്-പ്രളയാനന്തര കേരളത്തിൽ ജീവിക്കുന്ന നമുക്ക് ആരോഗ്യവിചാരവും വ്യക്തി/പരിസരശുചിത്വവും നമ്മുടെ വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും സർവോപരി മനുഷ്യത്വത്തിന്റെയും ഭാഗമാകണം. ചരിത്രപാഠങ്ങളിൽനിന്നും അനുഭവങ്ങളിൽനിന്നും ക്രിയാത്മകമായ പരിഹാരമാർഗങ്ങൾ കണ്ടെത്തുക മാത്രമേ കരണീയമായിട്ടുള്ളൂ. മാലിന്യനിർമാർജനവും നഗര-ഗ്രാമശുചീകരണവും യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കി ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇച്ഛാശക്തി കാണിക്കണം. ആരോഗ്യകേരളത്തെ വീണ്ടെടുക്കാൻ സർക്കാർ സംവിധാനങ്ങൾ ജാഗ്രതയോടെ അതിജീവനത്തിന്റെ പോരാട്ടം നടത്തിയില്ലെങ്കിൽ, കൃത്യമായ കർമപദ്ധതികൾ യഥാസമയം ആസൂത്രണം ചെയ്തു നടപ്പാക്കിയില്ലെങ്കിൽ, ഉറപ്പാണ് ഭാവിതലമുറയോട് കേരളം മറുപടി പറയേണ്ടിവരും. ■

# ഇസ്രായേൽ – പലസ്തീൻ സംഘർഷത്തെ യാഥാർഥ്യബോധത്തോടെ സമീപിക്കണം കെ. സി. ബി. സി.

കൊച്ചി: ഇസ്രായേൽ - പലസ്തീൻ സംഘർഷത്തെ യാഥാർഥ്യബോധത്തോടെ സമീപിക്കാൻ സമൂഹങ്ങളും ലോകരാഷ്ട്രങ്ങളും തയ്യാറാകണമെന്നു കെസിബിസി. ഇസ്രായേലിനെതിരേ ഹമാസ് തീവ്രവാദികൾ നടത്തിയ രൂക്ഷമായ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേൽ ഭരണകൂടത്തോടും ഇസ്രായേലിലെ ജനങ്ങളോടും അവരുടെ വേദന പങ്കുവച്ചതിനോടൊപ്പം, യുദ്ധത്തിൽ കൊല്ലപ്പെടുകയും മുറിവേൽക്കപ്പെടുകയും എല്ലാം നഷ്ടപ്പെടുകയും ചെയ്യുന്ന സാധാരണജനങ്ങളെ ചേർത്തുപിടിക്കുന്ന ഫ്രാൻസിസ് പാപ്പായുടെ സമീപനം ഭരണകൂടങ്ങൾക്കു മാതൃകയാണെന്നു കെസിബിസി ചൂണ്ടിക്കാട്ടി.




ജോലിക്കായും പഠനത്തിനായും ഇസ്രായേലിലും പാലസ്തീനിലുമായി കഴിയുന്ന ഇന്ത്യക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും വേണ്ടിവന്നാൽ നാട്ടിലേക്കു തിരിച്ചുവരാനുള്ള സാഹചര്യങ്ങൾ ഒരുക്കേണ്ടതും ഇന്ത്യാഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. കേരളത്തിൽനിന്നു ജോലിക്കായി പോയിട്ടുള്ളവരുടെ സുരക്ഷയെക്കുറിച്ച് സംസ്ഥാനസർക്കാർ ജാഗ്രത പുലർത്തേണ്ടതുണ്ട്. വർഗീയതയുടെ കണ്ണിലൂടെ ഇസ്രായേൽ - പലസ്തീൻ പ്രശ്നങ്ങളെ കാണുന്ന സമീപനങ്ങളും അത്തരം പ്രചരണങ്ങളും കൂടുതൽ ദോഷമേ സൃഷ്ടിക്കുകയുള്ളൂ. ഇസ്രായേൽ - പലസ്തീൻ സംഘർഷത്തെത്തുടർന്ന് സങ്കുചിതമായ മത - വർഗചിന്തകളും വിദ്വേഷപ്രചാരണങ്ങളും കേരളസമൂഹത്തിൽ പോലും വലിയ വിഭാഗീതയ്ക്കു കാരണമാകുന്നതു നല്ല പ്രവണതയല്ല. മാനവികതയുടെ വിശാലമായ കാഴ്ചപ്പാടിലൂടെ ഈ പ്രതിസന്ധിഘട്ടത്തെ സമീപിക്കുകയും സാഹോദര്യത്തോടെ ക്രിയാത്മക ഇടപെടലുകൾ നടത്തുകയുമാണു കരണീയം.

താരതമ്യേന ചെറിയ രണ്ടു സമൂഹങ്ങൾ തമ്മിലുള്ള യുദ്ധമാണെങ്കിലും, അതു ലോകരാജ്യങ്ങളെയെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന പശ്ചാത്തലത്തിലും, ഇനിയുമേറെ സാധാരണജനങ്ങൾക്കു ജീവാപായവും മറ്റു നാശനഷ്ടങ്ങളും ഉണ്ടാക്കിയേക്കാവുന്ന സാധ്യതകൾ പരിഗണിച്ചും ആക്രമണങ്ങൾ അവസാനിപ്പിച്ചു പ്രശ്നപരിഹാരത്തിനുള്ള ചർച്ചകളാണ് ഉണ്ടാകേണ്ടത്. നൂറ്റാണ്ടുകൾ പഴക്കമുള്ള വംശീയവിരോധവും അന്യമതവിദ്വേഷവും വിഭാഗീയചിന്തകളും ഉപേക്ഷിച്ചുകൊണ്ട്, മുൻകാലാനുഭവങ്ങളിൽനിന്നു പാഠം ഉൾക്കൊണ്ടു മുന്നോട്ടുനീങ്ങാൻ സമുദായ - രാഷ്ട്രീയ നേതൃത്വങ്ങൾ സന്നദ്ധമാവുകയും സ്വന്തം സമൂഹങ്ങളെ അതിനായി ഉദ്ബോധിപ്പിക്കുകയും വേണം.

തീവ്രവാദസംഘങ്ങളുടെയും ഭീകരപ്രവർത്തകരുടെയും ഭീഷണികളിൽനിന്നു വിമുക്തമായ ഒരു പുതിയ ലോകത്തിനായി ഉത്തരവാദിത്വബോധത്തോടെ യോജിച്ചുപ്രവർത്തിക്കുന്ന നേതൃത്വങ്ങളാണ് ഈ ലോകത്തിനാവശ്യം. ലോകസമാധാനത്തിനു വിഘാതം സൃഷ്ടിക്കുന്ന ഭീകരവാദനീക്കങ്ങളെയും അവർക്കു പിന്തുണ നൽകുന്ന പ്രവണതകളെയും അപലപിക്കുന്നതോടൊപ്പം പീഡിതസമൂഹത്തിന് കേരള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം അറിയിക്കുകയും ചെയ്യുകയാണെന്നും കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി പ്രസ്താവിച്ചു. ■

# സഭയ്ക്കു താപസരെ ആവശ്യമുണ്ട്



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പായെക്കുറിച്ച് കർദിനാൾ റോബർട്ട് സറാ രചിച്ച പുതിയ പുസ്തകത്തെക്കുറിച്ചുള്ള പഠനം.**

**പതിന്നാലാം ഭാഗം**

**കൊ**ളോണിലെ വിശുദ്ധ ബ്രൂണോ (1030-1101) യാണ് കർത്തൂസ്യൻ എന്ന മൊണസ്റ്റിക് ഓർഡറിന്റെ സ്ഥാപകൻ. ആദ്യത്തെ ഭവനം ഫ്രാൻസിൽ, ഗ്രനോബിൾ എന്ന നഗരത്തിനു സമീപം ഷാർത്രോ എന്ന വിജനപ്രദേശത്തുള്ള ഒരു കുന്നിൻ മുകളിലാണ് ആരംഭിച്ചത്. ഇത് 1084 ൽ ആണ്. ആദ്യം ഏഴ് അംഗങ്ങളാണ് ഉണ്ടായിരുന്നത്.



ഓരോരുത്തരും ചെറിയ ചെറിയ മുറികൾ നിർമിച്ച് അതിൽ നിശ്ശബ്ദതയിലും ഏകാന്തതയിലും പ്രാർഥനയിൽ ചെലവഴിച്ചു. യാമപ്രാർഥനകൾക്കും കുർബാനയ്ക്കുംമാത്രമാണ് അവർ ഒന്നിച്ചുവന്നിരുന്നത്. പ്രധാനതിരുനാളുകളിൽമാത്രമേ ഒന്നിച്ചു ഭക്ഷിച്ചിരുന്നുള്ളൂ. വളരെ കർശനമായ ഈ നിയമങ്ങൾ ബ്രൂണോതന്നെയാണു തയ്യാറാക്കിയത്. ഈ ആദ്യ മൊണാസ്റ്ററി ഗ്രാൻ ഷാർത്രോ എന്നാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന ഉർബാനൂസ് രണ്ടാമൻ മാർപാപ്പായുടെ കല്പനപ്രകാരം ബ്രൂണോ റോമിലെത്തി മാർപാപ്പായുടെ ആലോചനക്കാരനായി ശുശ്രൂഷ ചെയ്തു. വീണ്ടും സന്ന്യാസത്തിലേക്കു പോകാനുള്ള അനുവാദം പാപ്പായിൽനിന്നു വാങ്ങി തെക്കേ ഇറ്റലിയിലെ കലാബ്രിയ എന്ന ദ്വീപിൽ ഏതാനും ശിഷ്യന്മാരോടുകൂടി ആദ്യഭവനത്തിലെ നിയമാവലിക്കനുസൃതം ജീവിതം നയിച്ചു. കലാബ്രിയായിൽ ഈ പ്രദേശം 'സേരാ സാൻ ബ്രൂണോ' എന്നറിയപ്പെടുന്നു. ഇവിടെ വച്ചാണ് 1101 ഒക്ടോബർ 9-ാം തീയതി ബ്രൂണോ നിര്യാതനായത്. മൊണാസ്റ്ററി പരിസരത്തുതന്നെ സംസ്കരിക്കപ്പെട്ടു. അദ്ദേഹം സ്ഥാപിച്ച ഈ രണ്ടു ഭവനങ്ങൾക്കുംപുറമേ ഇപ്പോൾ യൂറോപ്പിലും അമേരിക്കയിലും മറ്റുമായി ഇരുപത്തിയൊന്ന് ആശ്രമങ്ങളുണ്ട്. കലാബ്രിയായിലെ സേരാ സാൻ ബ്രൂണോയിലുള്ള മൊണാസ്റ്ററി 2011 ഒക്ടോബർ മാസം 9-ാം തീയതി ബനഡിക്ട് പതിനാറാമൻ മാർപാപ്പാ സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ അദ്ദേഹം നല്കിയ വചനസന്ദേശം കാർഡിനൽ സറാ തന്റെ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. പാപ്പായുടെ സന്ദേശത്തിന്റെ ആശയങ്ങൾ ചുവടെ ചേർക്കുന്നു:

**1. അജപാലനശുശ്രൂഷയും ധ്യാനാത്മകജീവിതവും**

തന്റെ ഈ സന്ദർശനംവഴി പത്രോസ്ശ്ലീഹാ ബ്രൂണോയെ കണ്ടുമുട്ടുന്നു എന്നു പറഞ്ഞുകൊണ്ടാണ് ബനഡിക്ട് പിതാവ് പ്രഭാഷണം ആരംഭിച്ചത്. ഇരുവരുടെയും ശുശ്രൂഷകൾ തമ്മിൽ ഒരഗാധബന്ധമുണ്ട്. സഭയുടെ ഐക്യത്തിന്റെ അജപാലനശുശ്രൂഷയും സഭയിലെതന്നെ ധ്യാനാത്മക താപസജീവിതത്തിലേക്കുള്ള ദൈവികാഹ്വാനവും തമ്മിൽ, പത്രോസും ബ്രൂണോയും തമ്മിൽ, അവിഭാജ്യമായ ബന്ധമാണുള്ളത്. സഭാത്മക ഐക്യത്തിന് ഒരാന്തരികശക്തി ആവശ്യമാണ്. ദൈവം ഒരാത്മാവിനെ ഗ്രസിച്ച് സ്വന്തമാക്കുന്നതുവഴി ഉരുത്തിരിയുന്ന ആധ്യാത്മികശക്തിയാണിത്. അജപാലകർ താപസരുടെ ധ്യാനാത്മക ജീവിതത്തിൽനിന്ന് ദൈവികമായ പോഷണം സ്വീകരിക്കുന്നു.

**2. താപസരുടെ ദൗത്യം**

വി. ബ്രൂണോയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് ബനഡിക്ട് പതിനാറാമൻ പാപ്പാ ധ്യാനാത്മകജീവിതം നയിക്കുന്ന താപസരുടെ ജീവിതദൗത്യം വ്യക്തമാക്കുന്നത്. പ്രസ്തുത വാക്കുകൾ ഇപ്രകാരമാണ്: "ക്ഷണികമായവയെ ഉപേക്ഷിച്ച് ശാശ്വതമായവയെ മുറുകെപ്പിടിക്കുക." കർത്തൂസ്യൻ താപസരുടെ ആധ്യാത്മികതയുടെ കാതൽ ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്നു. മറ്റെല്ലാം ത്യജിച്ചുകൊണ്ട് ദൈവത്തിനുവേണ്ടിയും ദൈവസ്നേഹത്തെപ്രതിയും മാത്രം ജീവിക്കാനുള്ള ആഗ്രഹമാണ് ഇവിടെ പ്രകടമാകുന്നത്.

> താപസരുടെ സ്ഥാനം സഭാജീവിതത്തിന്റെ അതിരുകളിലല്ല. താപസജീവിതം സഭയുടെ ഹൃദയമാണ്; അവിടെനിന്നാണ് ധ്യാനാത്മകതയുടെയും ദൈവസ്നേഹത്തിന്റെയും ജീവരക്തം സഭാഗാത്രത്തിന്റെ സിരകളിലൂടെ പ്രവഹിക്കുന്നത്.

താപസരായ സന്ന്യാസികൾ, വയലിൽ മറഞ്ഞുകിടക്കുന്ന നിധി കണ്ടെത്തിയവരും അമൂല്യമായ മുത്ത് ലഭിച്ചവരുമാണെന്ന് (വി. മത്തായി 13: 42-44) പരിശുദ്ധ പിതാവ് പറഞ്ഞു.

''നീ പരിപൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കുകൊടുക്കുക. അപ്പോൾ നിനക്കു സ്വർഗത്തിൽ നിക്ഷേപമുണ്ടാകും, പിന്നീടുവന്ന് എന്നെ അനുഗമിക്കുക" (മത്താ. 19: 21). ഈ ആഹ്വാനത്തിനാണ് അവർ പ്രത്യുത്തരം നല്കിയിരിക്കുന്നതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

പുരുഷന്മാരുടേതായാലും സ്ത്രീകളുടേതായാലും ഓരോ ആശ്രമവും മനുഷ്യന്റെ ശക്തമായ ദാഹം ശമിപ്പിക്കുന്ന, ജീവജലം കവിഞ്ഞൊഴുകുന്ന സ്രോതസ്സാണ്. പ്രാർഥനയും ധ്യാനവുംവഴി ആഴം വർധിക്കുന്ന ജലസ്രോതസ്സാണത്. നിശ്ശബ്ദതയിലും ഏകാന്തതയിലും ഈ ജീവജലസ്രോതസ്സ് കാത്തുപരിപാലിക്കുന്ന ഓരോ കർത്തൂസ്യൻ ആശ്രമത്തിനും ഈ സന്ദർശനംവഴി പരിശുദ്ധ പിതാവ് അഭിവാദനം അർപ്പിക്കുകയാണു ചെയ്തത്.

**3. ആധുനികലോകം**

യാത്രാസൗകര്യങ്ങളും ആശയവിനിമയസാധ്യതകളും വളരെയധികം ക്രമരഹിതവും ശബ്ദമുഖരിതവുമായി മാറി. മുഴുവൻ സമയവും ഏതെങ്കിലുംവിധത്തിൽ നിറയ്ക്കേണ്ട ശൂന്യതയായിട്ടാണ് അവന് അനുഭവപ്പെടുന്നത്. നിശ്ശബ്ദതയ്ക്കും ഏകാന്തതയ്ക്കും അർഥം നല്കാൻ കഴിയാത്തവനായി മാറിയിരിക്കുകയാണ് ആധുനികമനുഷ്യൻ.

ഈ ശൂന്യതയെ ദൈവസാന്നിധ്യംകൊണ്ടു നിറയ്ക്കുന്ന താപസൻ സഭയ്ക്കും ലോകത്തിനും നിർണായകമായ ഒരു സന്ദേശമാണു നല്കുന്നത്.

**4. താപസജീവിതം**

ഒരാശ്രമത്തിൽ എത്തിയതുകൊണ്ടുമാത്രം ഒരാൾ താപസനായി മാറുന്നില്ല. അതിനു ദീർഘനാളത്തെ പരിശീലനവും പ്രയത്നവും ആവശ്യമാണ്. പരിശുദ്ധ റൂഹാ ജീവിതത്തിൽ പ്രവർത്തിക്കാൻ അനുവദിക്കണമെന്നും അതുവഴി മിശിഹായോടു താദാത്മ്യപ്പെടാൻ സാധിക്കുമെന്നും ബനഡിക്ട് പിതാവ് ഉദ്ബോധിപ്പിച്ചു. എങ്ങനെ ഒരാൾ ജീവിതകാലംമുഴുവൻ ഏകാന്തതയിൽ വസിക്കുമെന്ന് ലോകം ആശ്ചര്യത്തോടെ ചോദിക്കുന്നു. ഇപ്രകാരമുള്ള ഒരു രൂപാന്തരീകരണത്തിന് ഒരു ജീവിതകാലം തികയുകയില്ല എന്നതാണ് താപസന്റെ മറുപടി.

തന്റെ സന്ദർശനോദ്ദേശ്യം സഭയ്ക്കു താപസരെ ആവശ്യമുണ്ടെന്നു പറയാനാണെന്ന് ബനഡിക്ട് പിതാവ് പ്രസ്താവിച്ചു. താപസരുടെ സ്ഥാനം സഭാജീവിതത്തിന്റെ അതിരുകളിലല്ല. താപസജീവിതം സഭയുടെ ഹൃദയമാണ്; അവിടെനിന്നാണ് ധ്യാനാത്മകതയുടെയും ദൈവസ്നേഹത്തിന്റെയും ജീവരക്തം സഭാഗാത്രത്തിന്റെ സിരകളിലൂടെ പ്രവഹിക്കുന്നത് - പരിശുദ്ധ പിതാവ് വ്യക്തമാക്കി.

**5. സ്ലീവായുടെ ദിവ്യരഹസ്യം**

സ്ഥിരമായി നിൽക്കുന്ന സ്ലീവായ്ക്കു ചുറ്റുമാണ് പ്രപഞ്ചം മുഴുവൻ കറങ്ങുന്നത് എന്നർഥമുള്ള ലത്തീൻചൊല്ലാണ് കർത്തൂസ്യൻസിന്റെ ആപ്തവാക്യം.

മുന്തിരിവള്ളികൾ തായ്ത്തണ്ടിനോടു ചേർന്നിരിക്കുന്നതുപോലെ സ്ലീവായോട് ഓരോ താപസനും ചേർന്നിരിക്കുന്നു. ദൈവത്തിന്റെ അപരിമേയസ്നേഹവും മിശിഹായുടെ തിരുവുത്ഥാനംവഴിയുള്ള പുതുജീവനുമാണ് സ്ലീവാ പ്രതിഫലിപ്പിക്കുന്നത്. പരിശുദ്ധ ദൈവമാതാവും കുരിശിനോടു ചേർന്നുനിൽക്കുകയാണു ചെയ്തത്.

ദൈവത്തോടും മനുഷ്യർ പരസ്പരവുമുള്ള ഐക്യത്തിന്റെ കൂദാശയായ സഭയിലാണ് 'നിങ്ങളും ഞാനും' ശുശ്രൂഷ ചെയ്യുന്നത് എന്നു പറഞ്ഞുകൊണ്ടും സഭാമാതാവായ പരിശുദ്ധ അമ്മയും ഈ താപസഭവനത്തിന്റെ സ്ഥാപകനായ വിശുദ്ധ ബ്രൂണോയും ഈ സമൂഹത്തെ അനുഗ്രഹിക്കട്ടെ എന്നാശംസിച്ചുകൊണ്ടുമാണ് പിതാവ് തന്റെ സന്ദേശം ഉപസംഹരിച്ചത്. ■

---

12

# വൃദ്ധർ

കുടുംബവിളക്ക്



ഫാ. തോമസ് പാട്ടത്തിൽചിറ CMF

വൃദ്ധരെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. വല്യപ്പൻ, വല്യമ്മ, മാതാപിതാക്കൾ, ബന്ധുക്കൾ തുടങ്ങി പ്രായംചെന്ന ആരെങ്കിലുമൊക്കെ കുടുംബങ്ങളിലുണ്ടാകും. അവരെക്കുറിച്ചുള്ള ചിന്തയും കരുതലും കുടുംബാംഗങ്ങൾക്കുണ്ടാകണം. അവരെ ആദരിക്കാനും ആവശ്യമായ ശുശ്രൂഷയും പരിചരണവും കൊടുക്കാനുമുള്ള കടമ വളരെ വലുതാണ്. അതിൽ വീഴ്ചയുണ്ടാകാതെ ശ്രദ്ധിക്കണം. വൃദ്ധർ പരാശ്രിതരാണ്. സ്വയമേ അവശ്യകാര്യങ്ങൾ ചെയ്യാൻ അവർക്കു കഴിഞ്ഞെന്നുവരില്ല. എന്തിനും ഏതിനും മറ്റുള്ളവരുടെ നേർക്കു കൈകൾ നീട്ടാനേ അവർക്കു സാധിക്കൂ. അവയെ തട്ടിമാറ്റരുത്. എന്നെങ്കിലും നാമും ആ അവസ്ഥയിൽ എത്തേണ്ടവരാണ്. വാടാത്ത ഇലകൾ വാഴ്‌വിലില്ല എന്നോർക്കണം. കുടുംബത്തിൽ വയസ്സായവരുടെ സാന്നിധ്യം വലിയ ഒരനുഗ്രഹമാണ്. വിദ്യാസമ്പന്നരല്ലെങ്കിലും അനുഭവസമ്പന്നരായ അവരുടെ വാക്കുകളിലെ വിജ്ഞാനം അമൂല്യമാണ്. അവരുടെ പ്രാർഥനകൾ വിലയേറിയവയാണ്. സന്തോഷത്തോടെ അവരെ സേവിക്കുക. സംരക്ഷിക്കുക. അവരുടെ തൃപ്തി കുടുംബത്തിന്റെ തീരാത്ത ഐശ്വര്യത്തിനു ഹേതുവാകും. അവരെ അവഹേളിക്കുന്ന തരത്തിലുള്ള സംസാരങ്ങളും പ്രവൃത്തികളും ക്രൈസ്തവകുടുംബങ്ങളിൽ ഒരു കാരണവശാലും ഉണ്ടാകരുത്. എത്ര സമയക്കുറവാണെങ്കിലും അവർക്കുവേണ്ടിയുള്ള സമയത്തിനു കുറവുണ്ടാകരുത്. അടിച്ചുതീർന്ന കുറ്റിച്ചൂലുകണക്കെ അവരാരുംതന്നെ മുറിയുടെ മൂലയിൽ കുത്തിച്ചാരിവയ്ക്കപ്പെടരുത്. ഉപയോഗം കഴിഞ്ഞ് ഉപേക്ഷിക്കുന്ന 'വലിച്ചെറിയൽ സംസ്കാര'ത്തിന് അവർ ഇരകളാകരുത്. അവരുടെ ശാഠ്യങ്ങളെ ശപിക്കരുത്, കളിയാക്കരുത്. വരുമാനമാർഗമായിട്ടുള്ള ജോലിപോലും വേണ്ടെന്നുവച്ച് പ്രായമായ മാതാപിതാക്കളെ പരിപാലിക്കുന്ന പുണ്യജന്മങ്ങളും ഭൂമിയിലുണ്ടെന്ന് ഓർക്കുന്നതു നന്ന്. അവർ മണ്ണിലെ മാലാഖമാരാണ്. 'ഇവരുടെയൊക്കെ സ്നേഹം കണ്ടിട്ടു മരിക്കാൻ തോന്നുന്നില്ല' എന്നു നിറമിഴികളോടെ പറയുന്ന വൃദ്ധരുള്ള കുടുംബങ്ങൾ ഭാഗ്യമുള്ളവ. ആയുസ്സിൽ കേൾക്കാൻ പറ്റുന്ന ഏറ്റവും വിശിഷ്ടമായ വാക്കുകളാണവ. ലോകത്തിലെ മറ്റൊരു ബഹുമതിപത്രവും അത്രത്തോളം വിലയുള്ളതാകില്ല.

''വൃദ്ധരെ നിന്ദിക്കരുത്; നമുക്കും പ്രായമാവുകയല്ലേ?" (പ്രഭാ. 8:6)

# അക്ഷരമാലാപഠനം അനിവാര്യമോ?

ഭാഷാസ്നേഹികളുടെ നീണ്ടകാലത്തെ പരിശ്രമത്തിനും സമ്മർദങ്ങൾക്കുമൊടുവിൽ ഈ അധ്യയനവർഷാരംഭത്തിൽ പ്രൈമറിസ്കൂൾ പാഠപുസ്തകങ്ങളിൽ അക്ഷരമാല അച്ചടിച്ചുവന്നിരിക്കുകയാണല്ലോ. എന്നിരുന്നാലും, നിർഭാഗ്യമെന്നു പറയട്ടെ, പാഠ്യപദ്ധതി ചട്ടക്കൂടിൽ അക്ഷരമാലാപഠനം ഇപ്പോഴും ഉൾപ്പെടുത്തിയിട്ടില്ല. ഈ സന്ദർഭത്തിൽ ദീപനാളം ഭാഷാസ്നേഹികളായ വായനക്കാർക്കായി ഒരുക്കിയ സംവാദത്തിന്റെ രണ്ടാം ഭാഗം: **അക്ഷരമാലാപഠനം അനിവാര്യമോ?**

## ചരിത്രപരമായ വിഡ്ഢിത്തം



**ജിൻസ് കാവാലി**

ഏതൊന്നിന്റെയും അടിത്തറ ശക്തമായിരുന്നാൽ മാത്രമേ അതു സുസ്ഥിരമായി നിലനിൽക്കൂ. ഭാഷയെ സംബന്ധിച്ചു പറഞ്ഞാൽ അക്ഷരങ്ങളാണു ഭാഷയുടെ അടിത്തറ. അക്ഷരങ്ങൾ ചേർന്നു വാക്കുകളും വാക്കുകൾ ചേർന്നു വാചകങ്ങളും രൂപപ്പെടുന്നു. അങ്ങനെയായിരിക്കേ, പ്രാഥമികവിദ്യാഭ്യാസത്തിൽനിന്ന് അക്ഷരമാല ഒഴിവാക്കി വാക്കുകളും വാചകങ്ങളും പഠിപ്പിക്കാനെടുത്ത തീരുമാനം, അടിത്തറയില്ലാത്ത ഭവനനിർമാണംപോലെ ബുദ്ധിശൂന്യമായിരുന്നെന്നു പറയാതെ വയ്യ.

സ്കൂൾ വിദ്യാർഥികൾ മുതൽ ബിരുദബിരുദാനന്തര വിദ്യാർഥികൾക്കുവരെ അക്ഷരത്തെറ്റുകൂടാതെ മാതൃഭാഷ കൈകാര്യം ചെയ്യാനാവുന്നില്ല എന്ന ഗതികേട് ചരിത്രപരമായ ഈ വിഡ്ഢിത്തത്തിൽനിന്നു വന്നുചേർന്നതാണ്. ഇരുന്നിട്ടേ കാലു നീട്ടാവൂ എന്നു പഴമക്കാർ പറയും. ഇരിക്കുംമുന്നേ കാലു നീട്ടാനും തലകുത്തിമറിയാനും പരിശീലിപ്പിക്കാൻ ശ്രമിച്ചതിന്റെ ഫലമാണ് ഇന്നു ഭാഷയ്ക്കു സംഭവിച്ചിരിക്കുന്ന ദുര്യോഗം. ഇനി വരുന്ന കുട്ടികളെങ്കിലും അക്ഷരമാല ആദ്യം പഠിക്കട്ടെ. അങ്ങനെ തെറ്റുകൾ ഒഴിവാക്കി നന്നായി ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം നേടട്ടെ. അക്ഷരമാലയുടെ കൈപിടിച്ച് തെറ്റില്ലാത്ത മലയാളത്തിന്റെ വഴിയേ ആകട്ടെ വരുംതലമുറകളുടെ സഞ്ചാരം.

*(മലയാളസാഹിത്യം ഗവേഷണ വിദ്യാർഥി, യു.സി. കോളജ്, ആലുവ)*

## അക്ഷയം അക്ഷരം



**അനുപ്രിയ ജോജോ**

പ്രാഥമികവിദ്യാഭ്യാസത്തിലേക്കു കടക്കുമ്പോൾ അക്ഷരമോ ആശയമോ ആദ്യമെന്ന ചോദ്യത്തിന് അക്ഷരമാലയോടെ പഠനം ആരംഭിക്കുന്നതാണ് ഉചിതമെന്നു നിശ്ശങ്കം പറയാം.

അക്ഷരം, പദം, വാക്യം എന്നിങ്ങനെ അടിസ്ഥാനമറിഞ്ഞുള്ള പഠനത്തിനേ പ്രസക്തിയുള്ളൂ. അക്ഷരം പഠിക്കാത്തിടത്തോളം മാതൃഭാഷ അന്യഭാഷയായിത്തീരുകതന്നെ ചെയ്യും.

ആശയം പഠിച്ചശേഷം അക്ഷരത്തിലേക്കെന്ന നിലപാടെടുത്താൽ, പ്രായം കൂടുന്തോറും അക്ഷരത്തോടും ഭാഷയോടും വിമുഖത തോന്നുകയേ ഉള്ളൂ എന്നതാണു യാഥാർഥ്യം. കൂട്ടക്ഷരങ്ങളും ചിഹ്നങ്ങളും യഥാക്രമം ചേർക്കാനറിയാതെ കുട്ടി പ്രയാസപ്പെടും.

വായിക്കാനും ഗ്രഹിക്കാനും പരീക്ഷ സമയാനുസൃതം എഴുതിത്തീർക്കാനുമുള്ള കഴിവ് സിദ്ധിക്കണമെങ്കിൽ ആദ്യം അക്ഷരം ഉറച്ചേ മതിയാകൂ. അല്ലെങ്കിൽ, പരീക്ഷകളിൽ ചോദ്യം വായിക്കാനറിയാതെ ഉഴലുന്ന വിദ്യാർഥിസമൂഹത്തിനു നാം സാക്ഷിയാകേണ്ടിവരും.

അക്ഷരത്തെറ്റിൽനിന്നുണ്ടാകുന്ന അർഥവ്യത്യാസം പരീക്ഷയിലെന്നപോലെ ജീവിതത്തിലും പ്രതിസന്ധി ഉണ്ടാക്കും. കഥനവും കദനവും ചായയും ഛായയും, പറയും പാറയുമൊന്നും അക്ഷരവും ചിഹ്നവും ഉറയ്ക്കാത്തവനു തിരിച്ചറിയാനാകില്ല. അക്ഷരാടിസ്ഥാനമില്ലാത്ത ഒരു തലമുറയുടെ രേഖപ്പെടുത്തലുകൾ ആശയവികല്പമുണ്ടാക്കാം. ഖരാതിഖരമൃദുഘോഷങ്ങൾ അറിയാത്തപക്ഷം ഇന്നത്തെ സ്ഥിതിയനുസരിച്ച് വ്യത്യസ്ത ഉച്ചാരണരീതികളും അന്യഭാഷാപദങ്ങളും കലർത്തി പല ഭാഷകൾതന്നെ ഉണ്ടായെന്നും വരാം. ഭാഷാഭേദമുള്ള ദേശങ്ങളിൽ ആശയസ്വീകരണത്തിനുശേഷം അക്ഷരസ്വീകരണം നടത്തിയാൽ ഭാഷാഭേദം എഴുത്തിലും പ്രകടമാകും. അച്ചടിഭാഷയിലേക്കുള്ള കുട്ടിയുടെ വളർച്ച മന്ദഗതിയിലുമാകും. ബാബേൽ ഗോപുരത്തിന്റെ പതനംപോലെ മാനകഭാഷയുടെ തകർച്ചയിലേക്കുള്ള ചൂണ്ടുപലകയാണിവ. അതിനാൽ, അക്ഷരത്തിന്റെ അടിത്തറയിൽ ആശയത്തിലേക്ക് അവർ വളരട്ടെ!

*(എം.എ. മലയാളം, ദേവമാതാ കോളജ്, കുറവിലങ്ങാട്*
*എം.ജി.യൂണിവേഴ്സിറ്റി*
*ബി.എ. മലയാളം ഒന്നാം റാങ്ക്)*



**സി. ഡോ. തെരേസ് ആലഞ്ചേരി**
S.A.B.S.

അക്ഷരം എന്നാൽ ക്ഷരമില്ലാത്തത്, നാശമില്ലാത്തത് എന്നർഥം. 'അക്ഷര'ത്തിൽ ആരംഭിക്കേണ്ടത് 'വാക്കുകളിൽ' തുടങ്ങാമെന്നുവച്ചാൽ അതു വലിയ 'ആശയക്കുഴപ്പ'ത്തിനു കാരണമാകും. ഭാഷയിൽനിന്ന് അക്ഷരങ്ങളെ അടർത്തിമാറ്റിയാൽ പിന്നെ ഭാഷയില്ല. സംസ്കൃത അക്ഷരമാലയിലെ ചിഹ്നങ്ങൾ 'മഹേശ്വരസൂത്രങ്ങൾ' എന്നാണ് അറിയപ്പെടുന്നതുപോലും. ജനിച്ചുവീണ ഉടനെ

## അക്ഷരം പഠിക്കാതെ എന്തു ഭാഷ?

കുഞ്ഞുങ്ങൾക്കു പ്രായമായവർ കഴിക്കുന്ന ഭക്ഷണമല്ലല്ലോ കൊടുക്കുന്നത്. അങ്ങനെ ചെയ്താൽ അതു മരണത്തെത്തന്നെ വിളിച്ചുവരുത്തും. മനസ്സിനും ബുദ്ധിക്കും ഓരോ പ്രായത്തിലും കൊടുക്കേണ്ട ഭക്ഷണക്രമമുണ്ട്. അതു പാലിക്കപ്പെടണം. അല്ലാത്തപക്ഷം അതു വലിയ ദുരന്തം വരുത്തിവയ്ക്കും. ചിന്തിക്കാനും സംസാരിക്കാനും എഴുതാനും ഭാഷ വേണം. അക്ഷരങ്ങളില്ലാതെ ഭാഷ എങ്ങനെ നിലനിൽക്കും? ഇളംപ്രായത്തിൽ വാക്കുകൾ വിളമ്പിക്കൊടുത്ത് കുഞ്ഞുങ്ങളെ പേടിപ്പെടുത്താതെ അക്ഷരങ്ങൾ ചൊല്ലിക്കൊടുത്ത് അവരെ അനശ്വരതയിലേക്കു വളർത്തിയെടുക്കാം. ചെറുപ്രായത്തിൽ അക്ഷരം പഠിക്കാത്തതുകൊണ്ട് ഉയർന്ന ക്ലാസുകളിൽ വരുമ്പോൾ എഴുതാനും വായിക്കാനും അറിയാത്തതിന്റെ മാനസിക - ബൗദ്ധിക സംഘർഷമാണ് അധ്യാപകരും വിദ്യാർഥികളും ഇന്നു നേരിടുന്നത്.

*(മലയാളം അധ്യാപിക*
*എസ്.എച്ച്. കോളജ്, തേവര)*

## ഭാഷയുടെ ആത്മാവ്



**ആൽബിൻ കൊട്ടാരം**

അക്ഷരമാല ഭാഷയുടെ ആത്മാവാണ്. പ്രാഥമികവിദ്യാഭ്യാസത്തിന്റെ പാഠപുസ്തകങ്ങളിൽ അക്ഷരമാലയെ ഉൾചേർത്തുവെങ്കിലും അതിന്റെ ശരിയായ ബോധനത്തിന് അനുയോജ്യമായ പഠനാവസരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹൈസ്കൂൾ ക്ലാസ്സുകളിൽപ്പോലും മലയാള അക്ഷരങ്ങളെ ഭയത്തോടെ നോക്കിക്കാണുന്ന വിദ്യാർഥികളെ കാണാൻ സാധിക്കും. ശാസ്ത്രങ്ങളും ഗണിതവും മറ്റും പഠിക്കാൻ അടിസ്ഥാനപരമായി ഭാഷ അത്യാവശ്യമാണ്. മാതൃഭാഷയിൽമാത്രമേ ആശയഗ്രഹണം പൂർണമാകുകയുള്ളൂ. അക്ഷരമാലയുടെ ശരിയായ ബോധനം ലഭിക്കാത്തതുകൊണ്ട് കുട്ടികൾ സ്വീകരിക്കുന്ന അറിവുകൾ അംഗഹീനമായ ബോധ്യങ്ങൾമാത്രമായി മാറുന്നു. സംസാരത്തിലും എഴുത്തിലും വായനയിലും സംഭവിച്ചിരിക്കുന്ന ഭാഷയുടെ ശ്വാസംമുട്ടലിനു കാരണം ശരിയായ അക്ഷരാഭ്യാസം ലഭ്യമാകാത്തതാണ്.

ഒരു ശിശുവിന്റെ ബൗദ്ധികവളർച്ചയുടെയും മാനസികവളർച്ചയുടെയും പ്രാരംഭദശയിൽ അറിവുകളെ കൃത്യമായി മനനം ചെയ്യാനും വളർച്ചയും വികാസവും നേർരേഖയിൽ സുതാര്യമായി സംഭവിക്കാനും ഭാഷയുടെ ശരിയായ ഉപയോഗവും ശുദ്ധിയും അത്യാവശ്യമാണ്. അതുകൊണ്ട് പ്രാരംഭദശയിൽ അക്ഷരമാലയെ കേവലം പുസ്തകത്താളിൽ ഒതുക്കാതെ അതിനെ പൂർണമായി അറിയാനും അനുഭവിക്കാനും ആവശ്യമായ പഠനസന്ദർഭങ്ങൾ പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കണം.

*(ബി.എഡ്. വിദ്യാർഥി, സെന്റ് തോമസ് കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ, മൈലക്കൊമ്പ്, തൊടുപുഴ)*

## അക്ഷരവെളിച്ചം



**ജോളി തോമസ്**

ഭാഷാപഠനം, പ്രത്യേകിച്ച് മലയാളഭാഷാപഠനം വളരെയധികം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. പ്രാഥമികവിദ്യാഭ്യാസകാലഘട്ടത്തിൽ കുട്ടികൾക്കു വാക്കുകളിൽനിന്ന് ആശയങ്ങളിലേക്കാണോ അതോ ആശയങ്ങളിൽനിന്നു വാക്കുകൾ, അക്ഷരം എന്ന നിലയിലേക്കാണോ കുട്ടികളുടെ പഠനം മുന്നോട്ടു കൊണ്ടുപോകേണ്ടത് എന്ന കാര്യത്തെക്കുറിച്ച് ഗൗരവാവഹമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.

ഒരു സ്കൂൾ അധ്യാപിക എന്ന നിലയിൽ കുട്ടികളുടെ പ്രാഥമികവിദ്യാഭ്യാസകാലഘട്ടത്തിൽ അതായത്, എൽ.കെ.ജി., യു.കെ.ജി., ഒന്നാം ക്ലാസ് പഠനകാലത്തുതന്നെ തീർച്ചയായും അക്ഷരങ്ങൾ ഏതെന്നു തിരിച്ചറിയുകയും അത് എഴുതേണ്ട രീതി എങ്ങനെയെന്നു മനസ്സിലാക്കുകയും ചെയ്തെങ്കിൽമാത്രമേ ഉള്ളിലുള്ള ആശയങ്ങൾ അവർക്കു ശരിയായ രീതിയിൽ അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്നാണ് എന്റെ അഭിപ്രായം.

നമ്മുടെയുള്ളിൽ എത്ര ആശയങ്ങൾ ഉണ്ടെങ്കിലും അത് ലിഖിതരൂപേണ അവതരിപ്പിക്കണമെങ്കിൽ തീർച്ചയായും അക്ഷരങ്ങൾ അറിഞ്ഞേ തീരൂ. അക്ഷരത്തെറ്റോടെ ആശയങ്ങൾ അവതരിപ്പിച്ചാൽ വായനക്കാരന് അത് മനസ്സിലാക്കിയെടുക്കാൻ സാധിക്കുകയില്ല. അക്ഷരം കൃത്യമാണെങ്കിൽ ഉള്ളിലുള്ള ആശയങ്ങൾ നന്നായി എഴുതാനും അതു മനോഹരമായി മറ്റുള്ളവരിലേക്ക് എത്തിക്കാനും സാധിക്കും. അതുകൊണ്ട് കുട്ടികൾക്കു തീർച്ചയായും അക്ഷരത്തെക്കുറിച്ചും കൃത്യവും വ്യക്തവുമായ ബോധ്യമുണ്ടാവുകയും അവ എങ്ങനെയാണ് എഴുതുന്നതെന്ന് പ്രാഥമികവിദ്യാഭ്യാസകാലത്തുതന്നെ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യണം.

*(അധ്യാപിക, സെന്റ് മേരീസ് എൽ.പി.സ്കൂൾ, പാലാ)*

# അക്ഷരം നിലനില്പാണ്



വിനായക് നിർമൽ

എഴുത്തുകൊണ്ടു ജീവിക്കുന്ന ഒരാൾക്കെങ്ങനെ അക്ഷരങ്ങളെയും അതിന്റെ ക്രമബദ്ധമായ അക്ഷരമാലയെയും നിഷേധിക്കാൻ കഴിയും? അതുകൊണ്ട് ആദ്യംതന്നെ പറയട്ടെ, വേണം നമുക്ക് അക്ഷരങ്ങളും അക്ഷരമാലയും.

എം.എ. മലയാളത്തിനു പഠിക്കുമ്പോൾപോലും ക്ലാസിലെ ചില കുട്ടികൾക്കെങ്കിലും കൃത്യമായി ചില അക്ഷരങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. അർഥഭേദം ഉണ്ടാക്കുന്ന വാക്കുകളായിരുന്നു അവർ തെറ്റിച്ചെഴുതിയിരുന്നത്. അസ്തിവാരം അസ്ഥിവാരവും അസ്തിത്വം അസ്ഥിത്വവുമായിരുന്നു പലർക്കും. പലായനം പാലായനവുമായിരുന്നു. അവരിൽ പലരും ഇന്ന് മലയാളം അധ്യാപകരാണ്. ഒരുപക്ഷേ, അവരൊക്കെ ഇപ്പോൾ ഭാഷയുടെ കാര്യത്തിൽ പുലികളും പുപ്പുലികളുമായി മാറിയിട്ടുണ്ടാവാം. മാറട്ടെ. അവർക്കും കുട്ടികൾക്കും നല്ലത്.

അധ്യാപകപരിശീലനകോഴ്സിനെത്തുന്ന പല കുട്ടികൾക്കും നേരാംവണ്ണം മലയാളം അക്ഷരങ്ങൾപോലും അറിയില്ലെന്ന് ഒരു അധ്യാപിക പറഞ്ഞു കേട്ടിട്ടുണ്ട്. മലയാള അക്ഷരങ്ങൾ ശരിയായി എഴുതാൻ അറിയാത്തത് അക്ഷരങ്ങളെക്കുറിച്ചുള്ള ശരിയായ അറിവില്ലായ്മകൊണ്ടാണ്. പഠിച്ച ക്ലാസിലെയോ പഠിപ്പിച്ച ക്ലാസിലെയോ പിഴവുകളാണ്. അക്ഷരമാല പാഠപുസ്തകങ്ങളിൽനിന്നു നീക്കം ചെയ്ത കാലത്തിനുമുമ്പുണ്ടായിരുന്ന തലമുറയ്ക്കുപോലും ഇതാണ് അവസ്ഥയെങ്കിൽ അക്ഷരമാല ഒഴിവാക്കപ്പെട്ട പുതിയ തലമുറയുടെ അവസ്ഥ എന്തായിരിക്കും?

ഇന്ന് കുട്ടികൾ വായിച്ചല്ല കാര്യങ്ങൾ മനസ്സിലാക്കുന്നത്. കാഴ്ചയുടെ ലോകത്താണ് അവർ ജീവിക്കുന്നത്. മൊബൈലും ലാപ്ടോപ്പും ടിവിയും അവരുടെ അറിവിന്റെ ലോകങ്ങളാകുന്നു. ഫലമോ, വായന കുറയുന്നു. വായന കുറഞ്ഞുതുടങ്ങുമ്പോൾ രേഖപ്പെടുത്തിവച്ചിരിക്കുന്ന കാര്യങ്ങൾ അത്ര പ്രധാനപ്പെട്ടതല്ലാതെയായിമാറും. പതുക്കെപ്പതുക്കെ വായന ഇല്ലാതെയാകും. പുസ്തകങ്ങൾ വേണ്ടാതെയാകും. ഒരുകാലത്ത് വിപ്ലവമുണ്ടാക്കിയ അച്ചടിയുടെ പ്രസക്തി ഒന്നോ രണ്ടോ തലമുറയ്ക്കുശേഷം ഇല്ലാതെയാകും. അച്ചടിയും വായനയും എഴുത്തും ഇല്ലാത്ത ഒരു സമൂഹമായി നമ്മൾ മാറിയേക്കും.

സംസ്കരിക്കപ്പെട്ട ഭാഷയും അക്ഷരക്രമവും വർത്തമാനകാലത്തിന്റെമാത്രം ആവശ്യമോ പ്രസക്തിയോ അല്ല. അത് വരുംതലമുറയ്ക്കുവേണ്ടിക്കൂടിയുള്ള സംഭാവനയാണ്. താളിയോലകളിൽ എഴുതിവച്ച അനർഘജ്ഞാനങ്ങൾ വായിച്ചെടുക്കാൻമാത്രം കഴിവുള്ള എത്ര പേരുണ്ടിവിടെ?

നമ്മുടെ കുട്ടികൾ മലയാളം സംസാരിക്കും എന്ന കാര്യത്തിൽ സംശയമൊന്നും വേണ്ട. പക്ഷേ, അവരിൽ നാളെ എത്ര പേർ മലയാളം എഴുതുകയും വായിക്കുകയും ചെയ്യും എന്നു സംശയിക്കേണ്ടതുണ്ട്; പ്രത്യേകിച്ച്, പൂർവാധികം ശക്തിയോടെയുള്ള ഈ കുടിയേറ്റക്കാലത്ത്. അതുകൊണ്ട് നമ്മുടെ കുഞ്ഞുങ്ങൾ അക്ഷരമാല പഠിച്ചുവളരട്ടെ. നിശ്ചിതപ്രായം കഴിയുമ്പോൾ, ആവശ്യം കഴിഞ്ഞെന്നു തോന്നുമ്പോൾ അവരതിനെ വേണമെങ്കിൽ ഉപേക്ഷിച്ചോട്ടെ. പറക്കമുറ്റിക്കഴിയുമ്പോൾ മാതാപിതാക്കളെ വേണ്ടെന്നുവച്ചുപോകുന്ന നന്ദികേടായിമാത്രം അതിനെ കണ്ടാൽ മതി.

ഒരുപക്ഷേ, നമുക്കു ജീവിക്കാൻ വളരെക്കുറച്ച് അക്ഷരങ്ങൾ മതിയായിരിക്കും ഌ, ഝ തുടങ്ങിയവയൊന്നും അത്രമേൽ നമുക്കാവശ്യവുമില്ല. ആവശ്യം കൂടുതൽ ഉള്ളവർ കൂടുതൽ പഠിക്കട്ടെ. പക്ഷേ, അത്യാവശ്യമുള്ള അക്ഷരങ്ങളെങ്കിലും പഠിച്ചില്ലെങ്കിൽ എന്തായിരിക്കും അവസ്ഥ? അമ്പത്തിയാറിൽനിന്നും അമ്പത്തിയൊന്നിൽനിന്നും നമ്മുടെ അക്ഷരങ്ങൾ കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. ലിപി പരിഷ്കരണം വന്നതോടെ പല ഇരട്ടിപ്പുകളും ഒഴിവാക്കപ്പെടുകയുംചെയ്തു. ഇതിന്റെ തുടർച്ചയായിട്ടാണ് ഇപ്പോൾ അക്ഷരമാലയുടെ ഒഴിവാക്കലും. വൈകാതെ മലയാളം വാചികഭാഷയായി മാത്രം മാറുമോ?

അ, ആ തുടങ്ങിയവയുടെ ഘടന കുട്ടികളിൽ ഭീതിജനിപ്പിക്കുന്നുവെന്നാണല്ലോ ചില ബുദ്ധിജീവിഭാഷ്യങ്ങൾ. അങ്ങനെയെങ്കിൽ ചോദിക്കട്ടെ, നന്നേ കുഞ്ഞുപ്രായത്തിൽ നമ്മുടെ മക്കൾക്കു പ്രതിരോധ കുത്തിവയ്പുകൾ എടുക്കുമ്പോൾ സിറിഞ്ചിനെ പേടിയാണെന്നപേരിൽ അതു നാം ഒഴിവാക്കുമോ? കുഞ്ഞുമകളെ കൂടുതൽ സുന്ദരിയാക്കാൻ കാതുകുത്തുമ്പോൾ വേദനിക്കുന്നുവെന്നു പറഞ്ഞ് അതു വേണ്ടെന്നു വയ്ക്കുമോ? പിന്നെയെന്തിനാണ് ചില പ്രത്യേകപേടി പറഞ്ഞ് നല്ല കാര്യങ്ങൾ നാം വേണ്ടെന്നു വയ്ക്കുന്നത്?

*(എഴുത്തുകാരൻ)*

# മലയാളത്തിനു പുറംതിരിഞ്ഞവർ



ജോണി തോമസ് മണിമല

ഭാഷാധ്യാപകർക്കുതന്നെയും അക്ഷരം തെറ്റുന്ന കാലമാണിത്. പിന്നെ, ബാക്കിയുള്ളവരുടെ കാര്യം പറയണോ? ഇന്ന് പച്ചവെള്ളംപോലെ മലയാളം പറയുന്നവനെക്കൊണ്ടുപോലും നാലുവാചകം എഴുതിച്ചാൽ അക്ഷരം പഠിച്ചവൻ മൂക്കത്തു വിരൽ വച്ചുപോകും! തെറ്റിത്തെറിച്ചു കിടക്കുന്ന വാക്യങ്ങൾ. 'കാര്യം മനസ്സിലായാൽ പോരേ, അക്ഷരമൊന്നു മാറിയെന്നു വച്ച് എന്താ ഇപ്പം പ്രശ്നം' എന്നാണ് ഇക്കൂട്ടരുടെ ചോദ്യം. ഇവരെ നമുക്കു മനസ്സിലാക്കാം. എന്നാൽ, ജ്ഞാനികളെന്നു ഭാവിക്കുന്നവരും ഇങ്ങനെ പറഞ്ഞുതുടങ്ങിയാലോ? കഷ്ടംതന്നെ!

സൈബറിടങ്ങളിലും മറ്റും 'വായ്ക്കു വരുന്നതു കോതയ്ക്കു പാട്ട്' എന്ന മട്ടിൽ രാവിലെ എണീറ്റു കിടക്കപ്പായമുതലുള്ള കാര്യങ്ങൾ ഒരു ഉളുപ്പുമില്ലാതെ എഴുതി നിത്യവൃത്തി കഴിക്കുന്നവർ ഇന്ന് ഒന്നും രണ്ടുമല്ല; ഒരായിരം പേരാണ്. ഇതിൽ ഒരു ന്യൂനപക്ഷം നല്ല മലയാളം നല്ല രീതിയിൽ അവതരിപ്പിക്കുന്നു എന്നു സമ്മതിക്കണം. എന്നാൽ, ഭൂരിപക്ഷം കൂട്ടിവച്ചിരിക്കുന്ന അക്ഷരത്തെറ്റുകൾ ദയനീയമെന്നേ പറയേണ്ടൂ. നാലക്ഷരം ചൊവ്വേ പഠിച്ചിരുന്നെങ്കിൽ ഇത്രയും തെറ്റുകൾ വരുമായിരുന്നോ? അക്ഷരമാല അത്ര അത്യാവശ്യമല്ല, ആശയം മനസ്സിലായാൽ മതി, എന്നു വാദിച്ചു ജയിക്കാൻ നോക്കുന്നവർ മേല്പറഞ്ഞ കൂട്ടരെ കയറൂരിവിടുകയാണ്. പിന്നെ, ഇവിടെ എങ്ങനെ ഭാഷ വളരും?

കണ്ടും കേട്ടുമാണ് മനുഷ്യൻ വളരുന്നതെന്ന കാര്യത്തിൽ ഇവിടെയാർക്കും തർക്കമൊന്നുമില്ല. അതിന് അക്ഷരമാല പഠിക്കേണ്ട കാര്യമില്ലെന്നു പറയാൻ എന്തു ന്യായം?

അയൽപക്കത്തെ രാധയെ 'രാതേ' എന്നോ 'രാഥേ' എന്നോ 'രാദേ' എന്നോ എങ്ങനെ വേണേലും വിളിച്ചോളൂ. പക്ഷേ, എഴുതുമ്പോൾ രാധ 'രാധ' ആയിരിക്കേണ്ടേ? അതിന് ആദ്യമേ അക്ഷരം പഠിക്കണം. ഓരോ അക്ഷരവും എങ്ങനെയിരിക്കുന്നു അഥവാ എങ്ങനെയെഴുതണം, എങ്ങനെ പറയണം എന്നു മനസ്സിലാക്കണം. അതാണു കണ്ടും കേട്ടും മനസ്സിലാക്കേണ്ടത്. അതിന് അക്ഷരമാല ചെറുപ്പത്തിൽത്തന്നെ ഓരോ മലയാളിക്കുട്ടിയും ഹൃദിസ്ഥമാക്കണം. അല്ലെങ്കിൽ എന്തു മലയാളി? നാലക്ഷരം ചൊവ്വേ എഴുതാൻ പഠിക്കുന്നതു ചെറിയ കാര്യമല്ല; മോശം കാര്യവുമല്ല.

അക്ഷരമാല പഠിച്ചതുകൊണ്ട് കുട്ടികൾക്ക് യാതൊരാപത്തും സംഭവിക്കുന്നില്ലാത്തിടത്ത് അതിനു പുറംതിരിഞ്ഞു നിൽക്കുന്നവർ മലയാളഭാഷയെ അപമാനിക്കുകയാണ്. ഏതു മേഖലയിലും നന്നാകാൻ സമ്മതിക്കാത്തവർ ധാരാളമുള്ള നാട്ടിൽ ഈ പാവം പിടിച്ച മലയാളഭാഷയെയെങ്കിലും ഒന്നു വെറുതെ വിട്ടുകൂടേ?

*(മുതിർന്ന പത്രപ്രവർത്തകൻ, എഴുത്തുകാരൻ)*

# പുതിയ ബോധനരീതി കുത്സിതം



ഡോ. ഡേവിസ് സേവ്യർ

എൻ.സി.ഇ.ആർ.ടി എന്ന സർക്കാർ നിയന്ത്രിത സ്ഥാപനം ആശയാധിഷ്ഠിതപഠനരീതി നടപ്പിലാക്കിയിട്ട് ഒരു വ്യാഴവട്ടത്തിലേറെക്കാലമായി. അക്ഷരമാലയെ പുറംതള്ളിക്കൊണ്ടുള്ള പുതിയ സമ്പ്രദായം സാർവത്രികമായതോടെ തെറ്റില്ലാതെ മലയാളം പറയാനും എഴുതാനും കഴിവില്ലാത്ത അഭ്യസ്തവിദ്യർ ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും അതേക്കുറിച്ച് യാതൊരുവിധ പഠനങ്ങളും നടത്താൻ കൂട്ടാക്കാതെ, ആശയമാത്രബോധനമാണ് മഹത്തരം എന്നു ശഠിക്കുന്നവരുടെ ലക്ഷ്യം ദുരുപദിഷ്ടമത്രേ. അക്ഷരം, പദം, വാക്യം എന്ന രൂപകത്തിലുള്ള ബോധനരീതിയാണ് ഫലപ്രദവും ശാസ്ത്രീയവും. സ്വയംപ്രഖ്യാപിത വിദ്യാഭ്യാസവിദഗ്ധർക്കുമാത്രം ഇക്കാര്യം മനസ്സിലാകുന്നില്ല എന്നത് കുത്സിതം എന്ന വിശേഷണം അർഹിക്കുന്നു.

*(വൈസ് പ്രിൻസിപ്പാൾ, മലയാളം വകുപ്പു മേധാവി, സെന്റ് തോമസ് കോളജ് പാലാ)*

# പുതുതലമുറയ്ക്കു പുതിയ രീതി



ഹണി സുധീർ

കാലം മാറുന്നതിനനുസരിച്ചു കോലവും മാറണം എന്ന പഴമൊഴി ഇവിടെ ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്. അതിവേഗത്തിൽ സഞ്ചരിക്കുന്ന നൂതനസാങ്കേതികവിദ്യകളുടെ ലോകത്താണ് നമ്മൾ ഇന്നു ജീവിക്കുന്നത്.

അക്ഷരമാലകൾ പഠിപ്പിച്ചു തുടങ്ങുന്ന രീതിയിൽനിന്നു മാറി സചിത്രരീതിയിലുള്ള ആശയാവതരണമാണ് ഇന്നത്തെ അധ്യയനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. അതുവഴി കുട്ടികൾക്കു വളരെയെളുപ്പത്തിൽ ആശയങ്ങൾ മനസ്സിലാക്കാനും അതവരുടെ ചിന്തകളെ വർധിപ്പിക്കാനും സ്വന്തമായി ആശയങ്ങൾ കണ്ടെത്താനും മാനസികമായി കരുത്തരാകാനും സാധിക്കുന്നു. കൂടാതെ, അധ്യാപകർ കുട്ടികൾക്കു അറിവു പകർന്നുകൊടുക്കുന്നവരും ഒപ്പം പുതുപുത്തൻ ആശയങ്ങൾ കണ്ടെത്തി അവരുടെ മുന്നിൽ അവതരിപ്പിക്കുന്നവരുമാകണം. അങ്ങനെ വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയായി മാറും.

നമ്മൾ ഓരോരുത്തരും ആശയവിനിമയത്തിന് അക്ഷരമാലകളെക്കാൾ കൂടുതൽ ചിഹ്നങ്ങളും ചിത്രങ്ങളും ഇമോജികളും (ആശയങ്ങൾ മനസ്സിലാകുന്ന കുഞ്ഞുചിത്രങ്ങൾ) ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. അച്ചടിമാധ്യമങ്ങളിലല്ലാതെ ഇന്നു നമ്മൾ സംവേദനത്തിനുപയോഗിക്കുന്ന മീഡിയകളിൽ എല്ലാംതന്നെ പെട്ടെന്നു മനസ്സിലാക്കാൻ കഴിയുന്ന വാക്കുകളാക്കി ചുരുക്കിയാണ് ഉപയോഗിക്കുന്നത്. ഭാഷാപ്രാധാന്യമില്ലാതെ മലയാളമോ ഇംഗ്ലീഷോ അല്ലാതെ പുതുതായി കണ്ടെത്തിയ ഭാഷയാണ് മംഗ്ലീഷ്. ചുരുങ്ങിയ വാക്കുകളിൽ ആശയങ്ങൾ കണ്ടെത്താനും മറുപടികൾ ഇമോജികളിൽ ഒതുക്കാനും പുതുതലമുറയ്ക്കു സചിത്രപഠനരീതി വളരെ നല്ലതായിരിക്കുമെന്നു തോന്നുന്നു. പുതിയ പഠനരീതികൾ പുതുതലമുറയ്ക്കു കൂടുതൽ പ്രകാശം പരത്തട്ടെ എന്നാശംസിക്കുന്നു.

*(സാമൂഹികപ്രവർത്തിക, എഴുത്തുകാരി)*

നോവൽ 18

തേക്കിൻകാട് ജോസഫ്



# പലായനം

ഇട്ടിമാത്തുത്തരകന് ഉറക്കമില്ലാത്ത രാവുകൾ. കണ്ണടച്ചാൽ വലിയ തരകൻ മുന്നിൽ. "അളവില്ലാത്ത സ്വത്ത് ഞാൻ സമ്പാദിച്ചിട്ടൊണ്ട്. അതിലൊരു വിഹിതം എന്റെ സഹോദരിമാരുടെ സന്തതികൾക്കു കൊടുത്തു എന്നു കരുതി നെനക്കൊന്നും സംഭവിക്കില്ല, മാത്തു. കൊട്ടാരത്തിൽ തറവാട് അതിന്റെ പേരിൽ ക്ഷയിക്കുകയുമില്ല. എന്നിട്ട്, നിയ്യ് മനഃസമാധാനത്തോടെ ഉറങ്ങുക മാത്തൂ.'' ഉപബോധമനസ്സിൽ നിന്ന് ഉറവയെടുത്തുവരുന്ന വാക്കുകൾ ഒരശരീരിപോലെ മാത്തുത്തരകന്റെ മനസ്സിൽ മന്ത്രണമായി മുഴങ്ങി.

അയാൾ വല്ലാതെ ക്ഷീണിച്ചു. ആരോഗ്യം ക്ഷയിച്ചുതുടങ്ങി. ഉറങ്ങാൻ കഴിയുന്നില്ല. രാവേറെച്ചെന്ന് ഉറക്കത്തിന്റെ തട്ടിലേക്കു വീഴുമ്പോൾ അപ്പന്റെ മുഖം സ്വപ്നത്തിൽ തെളിയും.

"നിങ്ങക്കെന്തു പറ്റി മനുഷ്യാ. വല്ല അസുഖോം പിടിപെട്ടുവോ? ഏതെങ്കിലും ഡോക്ടറെ കാണിക്കാൻ ഇയ്യോബിനോടു പറയ്." ആണ്ടമ്മ തന്റെ ഭർത്താവിന്റെ അവസ്ഥയിൽ ആകെ അസ്വസ്ഥയായി. അവർ പല്ലവിയായി പറയാൻ തുടങ്ങി: "അങ്ങോട്ടു പോകുമ്പോ ഇതുവല്ലതും കൊണ്ടു പോണൊണ്ടോ? കേസിനും പുക്കറിനും പോകാതെ ആ തല തെറിച്ചവൻ പൗലോയെ വിളിച്ച് വല്ലതും കൊടുത്തു പ്രശ്നം പരിഹരിക്ക്. മനുഷ്യർക്കു മനഃസമാധാനമല്ലേ വലുത്?"

ഇതാണ് ആണ്ടമ്മയുടെ സ്ഥിരം പല്ലവി. മാത്തുത്തരകൻ രാവിലെ എണീറ്റാൽ മുൻവശത്തെ കസേരയിൽ പോയി ഇരിക്കും. നോട്ടം പുറത്തേക്കാണ്. ആരെങ്കിലും അടുത്തുചെന്നാൽപ്പോലും അറിയില്ല.

ആണ്ടമ്മ ചെന്നു വിളിച്ചാൽ ഞെട്ടിയുണരും.

"നിയ്യ് വല്ലതും പറഞ്ഞോ?"

ഉദ്വേഗത്തോടെ ചോദിക്കും.

"ഞാനൊന്നും പറഞ്ഞില്ലേ. നേരമെത്രയായെന്നാ വിചാരം. പോയി മുഖം കഴുകി പല്ലുതേക്ക് മനുഷ്യാ."

ആണ്ടമ്മയ്ക്കു ചിലപ്പോൾ സങ്കടം വരും. എങ്ങനെ സമാധാനത്തോടെ ജീവിച്ച മനുഷ്യനാ? ഇട്ടിമാത്തുത്തരകന്റെ അവസ്ഥയിൽ എന്തു ചെയ്യണമെന്ന് ആണ്ടമ്മയ്ക്ക് ഒരു നിശ്ചയവുമില്ല.

"മോനേ! ഇയ്യോ... അപ്പച്ചന്റെ ഈ ഇരിപ്പ് നിയ്യ് കാണണില്ലേ? എന്തെങ്കിലുമൊരു പരിഹാരമൊണ്ടാക്കടാ മോനേ!"

ആണ്ടമ്മ മകനോട് ആവലാതി പറഞ്ഞു.

ഇയ്യോബും ആകെ ചിന്താക്കുഴപ്പത്തിലാണ്. വിഷാദഭാവം മുറ്റിയ മുഖവുമായി അപ്പച്ചനെ കാണുന്നതുതന്നെ ഇയ്യോബിനു വിഷമമാണ്. അപ്പച്ചൻ എത്രയോ പ്രസന്നവദനനായിരുന്നു. എല്ലാറ്റിനും വല്യപ്പച്ചന്റെ നിഴൽ പോലെനിന്ന്, കൊട്ടാരത്തിൽ തറവാടിനെ മുന്നോട്ടു നയിച്ച സാരഥി. എന്നും ശാന്തിയും സമാധാനവും കളിയാടുന്ന കൊട്ടാരത്തിൽ തറവാട്.

ഓർക്കുമ്പോൾ മനസ്സു കനക്കുന്നു. തൊണ്ടയിൽ എന്തോ കുരുങ്ങിയതുപോലെ. അറിയാതെ കണ്ണുകൾ നിറയുന്നു.

അയാൾ ആരും കാണാതെ പുറംകൈകൊണ്ടു കണ്ണുകൾ തുടച്ചു.

എങ്ങനെയോ മൂന്നുമാസം കടന്നുപോയി. പ്രഭാതക്കിളികളുടെ കളകൂജനം കേട്ടാണ് ഇയ്യോബ് ഉണർന്നത്. പ്രഭാതം കൂടുതൽ ചുവന്നുതുടുത്തിരുന്നു. ഇയ്യോബ് ജനാലവിരി മാറ്റി മുറ്റത്തേക്കു നോക്കി. നേരിയ മഞ്ഞിൻപടലങ്ങൾക്കിടയിൽ താണ്ടമ്മ നട്ടുവളർത്തിയ റോസാച്ചെടികൾ നിറയെ പുഷ്പിച്ചിരിക്കുന്നു. അവയുടെ പ്രകാശപൂർണമായ കാഴ്ച ഇയ്യോബിനെ ത്രസിപ്പിച്ചു.



മുറ്റത്തൊരു കാർ വന്നു നിൽക്കുന്ന ശബ്ദം അയാളെ ഉണർത്തി. മാളിയേക്കൽ തറവാട്ടിലെ കാറാണല്ലോ. താണ്ടമ്മയ്ക്കു വല്ല വിശേഷവും. അയാൾ തിടുക്കപ്പെട്ടു വാതിൽ തുറന്ന് പൂമുഖത്തേക്കു നടന്നു. ''കുഞ്ഞിനെ കൂട്ടിക്കൊണ്ടു ചെല്ലാൻ അച്ചായൻ അയച്ചതാ എന്നെ. താണ്ടമ്മമോൾ ഇന്നലെ രാത്രി പ്രസവിച്ചു. നല്ലൊരു പൊന്നുമോൻ.'' ഡ്രൈവർ മത്തായിയാണ്.

ആ സന്തോഷവാർത്തകേട്ട് ഇയ്യോബിന്റെ കണ്ണുകൾ സന്തോഷാശ്രു പൊഴിച്ചു. വാർത്ത കേട്ടപാടേ അയാൾ അപ്പച്ചനും അമ്മച്ചിയും ഉറങ്ങുന്ന അറയുടെ വാതിലിൽ ചെന്നു തട്ടി.

"അപ്പച്ചാ, അമ്മച്ചീ, താണ്ടമ്മ പ്രസവിച്ചു. ആൺകുഞ്ഞ്. നമ്മുടെ കൊട്ടാരത്തിൽ തറവാടിന് ഒരു അനന്തരാവകാശി."

ഇയ്യോബ് ഒറ്റശ്വാസത്തിൽ ഉദീരണം ചെയ്തു.

"അമ്മച്ചീ, ഞാൻ മാളിയേക്കലീന്നുവന്ന കാറില് പോവ്വാണ്. അപ്പച്ചനും അമ്മച്ചിയും ഒരുങ്ങി നമ്മുടെ കാറില് പിന്നാലെ വന്നാ മതി."

ഇയ്യോബ് തിടുക്കം കൂട്ടി. "നില്ക്കടാ മോനേ! ആ ഡ്രൈവർക്ക് ഒരു കപ്പു കാപ്പി കൊടുക്കട്ടെ. നിയ്യ് ഒരുങ്ങിവരുമ്പോഴേക്കും ഞാൻ കാപ്പി എടുത്തുവയ്ക്കാം." ആണ്ടമ്മ പിടഞ്ഞെണീറ്റു.

"ശരി അമ്മച്ചീ."

മത്തായിയോടു കയറിയിരിക്കാൻ പറഞ്ഞിട്ട് ഇയ്യോബ് തന്റെ മാളികയിലേക്കു പോയി. എത്രയും വേഗം ഒരുങ്ങി പുറപ്പെടണം.

അയാളുടെ മനസ്സ് താണ്ടമ്മയുടെ അടുത്തേക്കു കുതിച്ചു. തന്റെ ചോരയിൽ പിറന്ന കൺമണിയെ കാണാൻ അയാൾക്കു തിടുക്കമായി.

കാർ സ്റ്റാർട്ടായപ്പോഴാണ് ഡ്രൈവർ മത്തായി ആ കഥ പറയുന്നത്:

"കുറെ ദെവസമായി താണ്ടമ്മ മോൾക്ക് ചില വെഷമതകളുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ വീട്ടിൽ പോകാതെ മാളിയേക്കൽത്തന്നെ ഉണ്ടായിരുന്നു.

"ഇന്നലെ രാത്രി ഒരു രണ്ടുമണിയായിക്കാണും; താണ്ടമ്മ മോൾ ചെല വിഷമതകൾ കാണിക്കാൻ തുടങ്ങി.

ഉടനെ കാറിറക്കി നേരേ സായിപ്പിന്റെ ആശുപത്രിക്കു പോയി. പ്രസവമുറിലേക്കു നേരേ അഡ്മിറ്റാവുകയായിരുന്നു. സെക്കൻഡുകൾക്കുള്ളിൽ ഡോക്ടർ ക്വാർട്ടേഴ്സിൽനിന്ന് ഓടിവന്നു. ഏതാണ്ട് അരമണിക്കൂർ. കൊച്ചിന്റെ കരച്ചിൽ കേട്ടാണ് ഞങ്ങൾ വരാന്തയിൽനിന്ന് അകത്തേക്കു ചെന്നത്. ഒരു നേഴ്സ് വെള്ളത്തുണീല് പൊതിഞ്ഞ് ആ മാലാഖക്കുഞ്ഞിനെ കൊണ്ടുവന്നു കാണിച്ചു. പ്ലമേനാമ്മ അമ്മച്ചി അവനെ ഒരു നിമിഷം കൈയിലെടുത്തു. പിന്നെ നേഴ്സിനെ തിരികെ ഏല്പിച്ചു.

"സഖറിയാമൊതലാളിയും അമ്മച്ചിയുമൊക്കെ വലിയ സന്തോഷത്തിലാ. താണ്ടമ്മ മോളും കുഞ്ഞും സുഖമായിരിക്കുന്നു. പള്ളീല് മണിയടിച്ചപ്പോൾത്തന്നെ മൊതലാളി എന്നെ പറഞ്ഞുവിട്ടതാ. കുഞ്ഞിനെ കൂട്ടിക്കോണ്ടുചെല്ലാൻ പറഞ്ഞ്."

മത്തായിയുടെ വാക്കുകൾ ഇയ്യോബിന്റെ കാതുകൾക്ക് ഇമ്പം പകർന്നു.

ഇയ്യോബ് ആശുപത്രിവരാന്തയിൽ ചെന്നപാടേ പ്ലമേനാമ്മ വെള്ളപ്പാനലിൽ പൊതിഞ്ഞ ചോരക്കുഞ്ഞിനെ എടുത്തുകൊണ്ടുവന്നു കാണിച്ചു. അവൻ തന്റെ കുഞ്ഞിക്കണ്ണുകൾ മെല്ലെ തുറന്ന് ഇയ്യോബിനെ ഒരു നിമിഷം നോക്കി. എന്നിട്ട് മെല്ലെ കണ്ണടച്ചു.

ഇയ്യോബ് പുഞ്ചിരിച്ചു. ആത്മസംതൃപ്തിയുടെ ചിരി. അയാൾ പ്ലമേനാമ്മയ്ക്കു പിന്നാലെ താണ്ടമ്മയെ കാണുന്നതിനായി മുറിയിലേക്കു കയറി.

അവിടെ തൂവെള്ള വിരിപ്പിട്ട കിടക്കയിൽ തേജോഗോളം പോലെ താണ്ടമ്മ കിടക്കുന്നു. അയാളുടെ മകനെ പ്രസവിച്ച, കൊട്ടാരത്തിൽ തറവാടിന് അവകാശിയെ നല്കിയ പ്രാണസഖി.

ഇയ്യോബിനെ കണ്ട് താണ്ടമ്മ ചെറുപുഞ്ചിരി തൂകി. ആയിരം പ്രകാശകിരണങ്ങൾ ചൊരിയുന്ന പുഞ്ചിരി അവൾ അവനു സമ്മാനിച്ചു. പ്ലമേനാമ്മ ആ ചോരക്കുഞ്ഞിനെ ശ്രദ്ധാപൂർവം അവൾക്കരികിൽ ചേർത്തുകിടത്തി. അത് തന്റെ കുഞ്ഞിക്കൈകളും കുഞ്ഞിക്കാലുകളും മെല്ലെ ചലിപ്പിച്ചു.

മാത്തുത്തരകനും ആണ്ടമ്മയും വേഗം ഒരുങ്ങി. അവർ പ്രഭാതഭക്ഷണം കഴിച്ചെന്നുവരുത്തി. ആണ്ടമ്മ അറയിൽ കയറി ചില ആഭരണങ്ങൾ കൈയിലെടുത്തു. ഡ്രൈവർ വർഗീസ് കാർ കഴുകിത്തുടച്ചു യാത്രയ്ക്കൊരുങ്ങി നില്ക്കുകയാണ്.

അവർ തിരുവല്ലയിൽ സായിപ്പിന്റെ ആശുപത്രിയിൽ എത്തുമ്പോൾ 12 മണിയായി. സഖറിയാ തര്യനും പ്ലമേനാമ്മയും ബന്ധുക്കാരെ കാറിനടുത്തുവന്നു സ്വീകരിച്ചു. സഖറിയാ തര്യൻ മാത്തുത്തരകന്റെയും പ്ലമേനാമ്മ ആണ്ടമ്മയുടെയും കരം ഗ്രഹിച്ച് അകത്തേക്ക് ആനയിച്ചു.

"കൊട്ടാരത്തിൽ തറവാട്ടിലെ പുതിയ അവകാശി ഇപ്പോ നല്ല ഒറക്കത്തിലാണ്. വല്യപ്പച്ചനെയും അമ്മച്ചിയെയും കാണുമ്പോ ഒരക്കം തെളിഞ്ഞോളും."

പ്ലമേനാമ്മ ലോഹ്യം പറഞ്ഞു. അവർക്കു പിന്നാലെ ഇയ്യോബുമുണ്ട്. അവർ താണ്ടമ്മ കിടക്കുന്ന മുറിയിലെത്തി. അപ്പച്ചനെയും അമ്മച്ചിയെയും കണ്ടപാടെ താണ്ടമ്മ സ്തുതി ചൊല്ലി.

ആണ്ടമ്മ തൂവാലയിൽ കെട്ടിവച്ച പൊതിയഴിച്ചു കുഞ്ഞുമോന്റെ അരയിൽ രണ്ടു പവന്റെ അരഞ്ഞാണവും കാലിലും കൈയിലും ഓരോ കാപ്പും ധരിപ്പിച്ചു. അഞ്ചുപവന്റെ ഒരു മാല താണ്ടമ്മയുടെ കഴുത്തിലും ഇട്ടു. അത് കൊട്ടാരത്തിൽ തറവാട്ടുകാരുടെ മുറയാണ്.

എല്ലാവർക്കും ആഹ്ലാദത്തിന്റെ നിമിഷങ്ങൾ. ശബ്ദം കേട്ട് കുഞ്ഞ് ഉണർന്ന് അവന്റെ കുഞ്ഞിക്കണ്ണുകൾ മെല്ലെ തുറന്നു.

"കള്ളന് വല്യപ്പച്ചനെയും വല്യമ്മച്ചിയെയും കാണാൻ കൊതിയായി."

പ്ലമേനാമ്മ ഒരു ലോഹ്യം പറഞ്ഞു. അതു കേട്ടവർക്കൊക്കെ നന്നായി രസിച്ചു.

"ചോര ചോരയെ തിരിച്ചറിയാതെ വരുമോ?"

ആണ്ടമ്മയും ഒരു ലോഹ്യം പറഞ്ഞു. ഒച്ചയും ബഹളവും കേട്ട് ഡ്യൂട്ടി നേഴ്സ് മുറിയുടെ വാതിൽക്കൽ വന്ന് എത്തിനോക്കി.

ആണ്ടമ്മ ഒരു ചൂരൽക്കുട നിറയെ കൊണ്ടുവന്ന കുഞ്ഞുടുപ്പുകൾ, ടർക്കികൾ, പ്ലാനൽ തൊപ്പികൾ, ഷീറ്റുകൾ, പൗഡർ ടിന്നുകൾ, ലോഷനുകൾ തുടങ്ങിയവ പ്ലമേനാമ്മയ്ക്കു കൈമാറി. അതൊക്കെ അവർ നേരത്തേ തയ്യാറാക്കിവച്ചിരുന്നതാണ്.

ആചാരങ്ങളൊന്നും മറക്കേണ്ട. എല്ലാവരും ആശുപത്രിവരാന്തയിലേക്കിറങ്ങി.

"നമുക്ക് വീട്ടിലേക്കു പോകാം. അവിടെ ഊണു തയ്യാറായിട്ടുണ്ടാവും.'

സഖറിയാ തര്യൻ ബന്ധുക്കാരെ വീട്ടിലേക്കു ക്ഷണിച്ചു.

"നിങ്ങള് പൊയ്ക്കോ. എനിക്കും മോൾക്കുമുള്ള ഭക്ഷണം ഡ്രൈവറുടെ കൈയിൽ കൊടുത്തയച്ചാൽ മതി." പ്ലമേനാമ്മ ബന്ധുക്കാരെ സ്വന്തം നിലയിലും ക്ഷണിച്ചു.

അവർ രണ്ടു കാറിലുമായി മാളിയേക്കൽ തറവാട്ടിലേക്കു പുറപ്പെട്ടു. ഇയ്യോബുകൂടി സഖറിയാ തര്യനൊപ്പം കാറിൽ കയറി. പോകുന്നവഴി ഇയ്യോബ് അപ്പച്ചന്റെ വിശേഷങ്ങളൊക്കെ സഖറിയാ തര്യനു കൈമാറി. സഖറിയാ തര്യൻ എല്ലാം സശ്രദ്ധം കേട്ടു. അയാൾ അപ്പോൾ മറുപടിയൊന്നും പറഞ്ഞില്ല.

ഉച്ചഭക്ഷണം കഴിഞ്ഞുള്ള വെടിവട്ടത്തിനിടയിൽ സഖറിയാ തര്യൻ ചില നിർദേശങ്ങൾ വച്ചു. അതു ശരിയായ പരിഹാരമാർഗമാണെന്ന് ഇയ്യോബിനു തോന്നി.

*(തുടരും)*

## വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ

# മുള്ളുകളെ പൂമെത്തകളാക്കിയ നല്ലിടയൻ

### മാർ ജോസഫ് കല്ലറങ്ങാട്ട്



രാമപുരം: ദൈവവിളിയുടെ വഴികളിൽ കിടന്ന മുള്ളുകളെ പൂമെത്തകളാക്കിയ നല്ലിടയനായിരുന്നു വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട്.

രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളിയിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മാസ്റ്റർ ഷെപ്പേർഡിന്റെ സ്വരം ഭവനങ്ങൾതോറും കേൾപ്പിച്ച പോർട്ടബിൾ ഗോസ്പൽ ആയിരുന്നു കുഞ്ഞച്ചൻ. എല്ലാം വിട്ടുകളഞ്ഞ് സാധാരണക്കാരുടെ ഹൃദയത്തിന്റെ ഉള്ളറകളിലേക്കു നടത്തിയ യാത്രകളിലൂടെ അവരെ സത്യവിശ്വാസത്തിൽ ആഴപ്പെടുത്തിയ കുഞ്ഞച്ചൻ ഓരോ വൈദികന്റെ മുന്നിലും വെല്ലുവിളി ഉയർത്തുന്നു. നിശ്ശബ്ദനായി, അതേസമയം കുടിലുകൾതോറും സഞ്ചരിച്ച് ദൈവസ്നേഹത്തിന്റെ കാഹളം മുഴക്കിയ ദളിതരുടെ ശ്ലീഹായാണ് കുഞ്ഞച്ചനെന്നും ബിഷപ് കൂട്ടിച്ചേർത്തു.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിൽ സംബന്ധിക്കുന്നതിനും അദ്ദേഹത്തിന്റെ മാധ്യസ്ഥ്യം തേടി പ്രാർഥിക്കുന്നതിനും പതിനായിരങ്ങളാണ് രാമപുരത്ത് എത്തിച്ചേർന്നത്.

ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് നയിച്ച തീർഥാടന പദയാത്രയ്ക്ക് രാമപുരം പള്ളിയങ്കണത്തിൽ വികാരി ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെയും അസിസ്റ്റന്റ് വികാരിമാരുടെയും കൈക്കാരന്മാരുടെയും നേതൃത്വത്തിൽ സ്വീകരണം നല്കി.

## മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പദ്ധതിക്കു തുടക്കമായി




*പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന സൗജന്യ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പദ്ധതിയായ 'ചുവടി'ന്റെ ഔദ്യോഗിക പ്രഖ്യാപനം ചന്ദ്രയാൻ 3 ദൗത്യത്തിൽ നിർണായകപങ്കു വഹിച്ച ശാസ്ത്രജ്ഞരായ ടി.ആർ. ഹരിദാസ്, എസ്. ആനന്ദവല്ലി ദമ്പതികൾ ചേർന്നു നിർവഹിക്കുന്നു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ, ഡോ. ഒ.ടി. ജോർജ്, ഡോ. പി.ബി. രാജീവ് എന്നിവർ സമീപം.*

പാലാ: മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന സൗജന്യ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പദ്ധതിയായ 'ചുവടി'ന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചന്ദ്രയാൻ മൂന്ന് ദൗത്യത്തിൽ നിർണായക പങ്കുവഹിച്ച ശാസ്ത്രജ്ഞരായ ടി.ആർ. ഹരിദാസ്, എസ്. ആനന്ദവല്ലി ദമ്പതികൾ ചേർന്ന് പ്രഖ്യാപനം നിർവഹിച്ചു.

ജീവകാരുണ്യസന്ദേശവുമായി നടത്തുന്ന ചുവട് പദ്ധതി, മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു കാത്തിരിക്കുന്ന, സമൂഹത്തിൽ ബുദ്ധിമുട്ടു നേരിടുന്നവർക്ക് ആശ്വാസകരമായി മാറുമെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.

മാർ സ്ലീവാ മെഡിസിറ്റി അഞ്ചാം വർഷത്തിലേക്കു പ്രവേശിക്കുന്നതിന്റെയും 2000 മുട്ടു മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പൂർത്തിയാക്കിയതിന്റെയും ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പൂർണസൗജന്യമായി പത്തു ശസ്ത്രക്രിയകളും സൗജന്യനിരക്കിൽ 200 ശസ്ത്രക്രിയകളും ചെയ്തു നൽകുന്ന പദ്ധതിയാണ് 'ചുവട്' എന്ന് ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ പറഞ്ഞു. ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. ഒ.ടി.ജോർജ്, ഡോ. പി. ബി. രാജീവ് എന്നിവർ പ്രസംഗിച്ചു. പേട്രൺസ് കെയർ ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. കുറഞ്ഞ വരുമാനമുള്ള 70 വയസ്സിൽ താഴെ പ്രായമുള്ളവരും കുടുംബത്തിന്റെ ചുമതല പൂർണമായും ഉത്തരവാദിത്വത്തോടെ നിർവഹിക്കുന്നവരുമായ ആളുകളിൽനിന്നായിരിക്കും സൗജന്യശസ്ത്രക്രിയയ്ക്ക് പത്തു പേരെ കണ്ടെത്തുക.

പദ്ധതിയുടെ ഭാഗമായി എരുമേലി മുക്കൂട്ടുതറ അസ്സീസി ആശുപത്രി, അടിമാലി മോർണിംഗ് സ്റ്റാർ ആശുപത്രി, വൈക്കം ഇൻഡോ അമേരിക്കൻ വെസ്റ്റ് ഗേറ്റ് ആശുപത്രി, കുമളി സെന്റ് അഗസ്റ്റിൻസ് ആശുപത്രി എന്നിവിടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തും. താത്പര്യമുള്ളവർ താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. 9188952795, 8281699263.

## കെ.സി.എസ്.എൽ. സംസ്ഥാനസാഹിത്യോത്സവം

കൊച്ചി: കെ.സി.എസ്.എൽ. സംസ്ഥാനതലസാഹിത്യമത്സരങ്ങൾ ഒക്ടോബർ 14 ന് ഏഴു കേന്ദ്രങ്ങളിലായി നടന്നു. സ്കോളർഷിപ്പ് പരീക്ഷ, ബൈബിൾക്വിസ്, കെ.സി.എസ്.എൽ. ചരിത്രക്വിസ്, കൈയെഴുത്തുമാസിക എന്നിവ കൂടാതെ, കഥ, കവിത, ഉപന്യാസം എന്നീ രചനാമത്സരങ്ങളിലും ഓരോ രൂപതയിൽനിന്നും ഒന്നും രണ്ടും സമ്മാനങ്ങൾ നേടിയവരാണ് മത്സരങ്ങളിൽ പങ്കെടുത്തത്. കേരളത്തിലെ ലത്തീൻ, സീറോ മലബാർ, മലങ്കര രൂപതകളിൽനിന്നായി രണ്ടായിരത്തോളം കുട്ടികൾ പങ്കെടുത്തു.

സെന്റ് ജോർജ് എച്ച്.എസ്. വാഴത്തോപ്പ്, ഷന്താൾ ജ്യോതി പബ്ലിക് സ്കൂൾ മുട്ടം, സെന്റ് മേരീസ് ജി.എച്ച്.എസ്. കായംകുളം, സെന്റ് മേരീസ് എച്ച്.എസ്.എസ്. കാഞ്ഞിരപ്പള്ളി, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. തിരുവനന്തപുരം, സെന്റ് ക്ലയേഴ്സ് എച്ച്.എസ്.എസ്. തൃശൂർ, സെന്റ് മേരീസ് എച്ച്.എസ്.എസ്. എറണാകുളം എന്നിവയായിരുന്നു പരീക്ഷാകേന്ദ്രങ്ങൾ.

കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, സംസ്ഥാന പ്രസിഡന്റ് ബേബി തദേവൂസ് ക്രൂസ്, ജനറൽ ഓർഗനൈസർ മനോജ് ചാക്കോ, ജനറൽ ട്രഷറർ ബോബി ജോൺ എന്നിവരും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും വിവിധ കേന്ദ്രങ്ങളിൽ മത്സരങ്ങൾക്കു നേതൃത്വം നല്കി.

## ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണം

### എസ്.എം.വൈ.എം. പാലാ രൂപത

പാലാ: ക്രൈസ്തവസമുദായത്തിന്റെ പിന്നാക്കാവസ്ഥയെക്കുറിച്ചു പഠിച്ചു തയ്യാറാക്കി സമർപ്പിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പാക്കണമെന്ന് എസ്.എം. വൈ. എം. പാലാ രൂപത സമിതി ആവശ്യപ്പെട്ടു. മുഖ്യമന്ത്രിക്കു സമർപ്പിച്ച റിപ്പോർട്ട് ന്യൂനപക്ഷക്ഷേമവകുപ്പിന് തുടർനടപടികൾക്കായി കൈമാറി എന്നാണ് അനൗദ്യോഗികമായി ലഭിക്കുന്ന വിവരം. ന്യൂനപക്ഷവകുപ്പ് കാലങ്ങളായി തുടർന്നുവരുന്നത് ക്രൈസ്തവനീതിനിഷേധവും വിവേചനവുമാണ്. ക്രൈസ്തവർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ അന്യായമായി കൈക്കലാക്കിയവർക്കെതിരേ നിയമനടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

എസ്.എം.വൈ.എം. രൂപത പ്രസിഡന്റ് തോമസ് ബാബുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ബ്രദർ ജോർജ് ഇടയോടി, സെബു ജേക്കബ്, ടോണി കവിയിൽ, ഡോൺ സോണി, മെർലിൻ, ജിയോ, റിയ, നീതു, എബി, മഞ്ജു തുടങ്ങിയവർ പ്രസംഗിച്ചു.

## ജീവിതദർശനക്യാമ്പ്



*കാക്കൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ നടന്ന ജീവിതദർശന ക്യാമ്പ് വികാരി ഫാ. അബ്രാഹം കുളമാക്കൽ ഉദ്ഘാടനം ചെയ്യുന്നു.*

കാക്കൂർ: കാക്കൂർ സെന്റ് ജോസഫ് കത്തോലിക്കാ തീർഥാടന ദൈവാലയത്തിൽ ജീവിത ദർശനക്യാമ്പ് നടത്തി.

പ്രശസ്ത മോട്ടിവേഷണൽ സ്പീക്കർ ഡോ. ബിനു കണ്ണന്താനം ക്ലാസ്സ് നയിച്ചു. ഉദ്ഘാടനം വികാരി ഫാ. അബ്രാഹം കുളമാക്കൽ നിർവഹിച്ചു. നല്ല മാതാപിതാക്കളാകാൻ, എങ്ങനെ പഠനം കാര്യക്ഷമമാക്കാം, പേടി കൂടാതെ പരീക്ഷയെ സമീപിക്കാം, പഠനാനന്തരസാദ്ധ്യതകൾ, മാറുന്ന ലോകത്ത് പ്രസക്തരാകാൻ, ആകർഷകമായ വ്യക്തിത്വം, ആരോഗ്യകരമായ മൊബൈൽ ഉപയോഗം എന്നീ വിഷയങ്ങളിൽ ക്ലാസ് നടത്തി.

ഉദ്ഘാടനസമ്മേളനത്തിൽ ബിജു തറമഠം സ്വാഗതം ആശംസിച്ചു. മദർ സുപ്പീരിയർ സിസ്റ്റർ ആൻസി എസ് .എ.ബി.എസ്, സൺഡേ സ്കൂൾ ഹെഡ് മാസ്റ്റർ ജോമോൻ വെള്ളക്കാട്ട്, കൈക്കാരൻമാരായ ബാബു കുപ്പപ്പിള്ളിൽ, ജിമ്മി കളത്താമറ്റത്തിൻകര, സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് റെജി കണ്ണന്താനം എന്നിവർ സംസാരിച്ചു. കൈക്കാരൻ ജോർജുകുട്ടി നെടുമ്പിള്ളിക്കുന്നേൽ കൃതജ്ഞത അർപ്പിച്ചു.

# പല്ലെടുത്തതിനുശേഷം രക്തസ്രാവം



ഡോ. ജോർജ് വർഗീസ്

## ദന്തവിദഗ്ധന്റെ ഡയറിക്കുറിപ്പുകൾ 8

**പ്രമുഖ ദന്തചികിത്സാവിദഗ്ധനായ ഡോ. ജോർജ് വർഗീസ് കുന്തറ തന്റെ ദീർഘകാലത്തെ അനുഭവപരിചയത്തിൽനിന്നു തിരഞ്ഞെടുത്ത ചികിത്സാ റിപ്പോർട്ടുകൾ. കോട്ടയം ഗവ. ദന്തൽകോളജ് പ്രിൻസിപ്പലും പുഷ്പഗിരി ദന്തൽ കോളജ് പ്രിൻസിപ്പലുമായിരുന്ന ഡോ. ജോർജ് വർഗീസ് ഇപ്പോൾ പുഷ്പഗിരിയിൽ ഓറൽ & മാക്സിലോ ഫേഷ്യൽ സർജനാണ്.**

**കോ**ട്ടയം മെഡിക്കൽ കോളജിൽ ജോലി ചെയ്തിരുന്ന സമയം. അവിടുത്തെ മാക്സില്ലോ ഫേഷ്യൽ ഡിപ്പാർട്ട്മെന്റിലെ ഓരോ ദിവസവും ആരംഭിക്കുന്നത് എട്ടുമണിയുടെ 'വാർഡ് റൗണ്ട്സോ'ടെയാണ്. ഒരു രോഗിയുടെ അടുത്തെത്തിയപ്പോൾ പി.ജി. വിദ്യാർഥി പറഞ്ഞു:

"ഇന്നലെ അഡ്മിറ്റ് ചെയ്ത രോഗിയാണ്. പേര് വിജയൻ."

രോഗിയുടെ മുഖത്തേക്കു ഞാൻ നോക്കി. ആൾ വളരെ ക്ഷീണിതനാണ്. ഗ്ലൂക്കോസ് ഡ്രിപ് കൈയിലെ ഞരമ്പിൽ കൂടി പോകുന്നുണ്ട്. രക്തം വരാതിരിക്കാൻ മരുന്നു മുക്കിയ പഞ്ഞി വായിൽ കടിച്ചുപിടിച്ചിരിക്കുന്നു.

"എത്ര ദിവസമായി പല്ലെടുത്തിട്ട്?"

"രണ്ടു ദിവസമായി."

"വേറെ എന്തെങ്കിലും അസുഖമുള്ള ആളാണോ? ഉദാഹരണത്തിന് പ്രമേഹമോ പ്രഷറോ മറ്റോ?"

വിജയനും ഭാര്യയും മുഖത്തോടു മുഖം നോക്കിയതല്ലാതെ ആരും ഒന്നും മിണ്ടിയില്ല.

"എന്താ ഒന്നും മിണ്ടാത്തത്?" ഞാൻ ചോദിച്ചു.

അതിനു മറുപടിയില്ല. എന്തോ പന്തികേടുണ്ടെന്ന് ഞങ്ങൾക്കു മനസ്സിലായി. പി.ജി. വിദ്യാർഥി പറഞ്ഞു:

"സാറേ, വിജയന്റെ ക്ലോട്ടിങ് ടൈം (രക്തം കട്ടപിടിക്കാനുള്ള സമയം) വളരെ കൂടുതലാണ്."

ക്ലോട്ടിങ് ടൈം കൂടാനുള്ള കാരണങ്ങളെക്കുറിച്ചാണ് ഞാൻ അപ്പോൾ ആലോചിച്ചത്.

"എന്തെങ്കിലും മരുന്നു കഴിക്കുന്നുണ്ടോ? ഉദാഹരണത്തിന് ആസ്പിരിൻപോലുള്ള ഗുളികകൾ?"

"ഇല്ല."

"നിങ്ങൾ മദ്യപിക്കാറുണ്ടോ?" ഞാൻ ചോദിച്ചു.

"ഉണ്ട്."

"എത്രനാളായി തുടങ്ങിയിട്ട്?"

തുടർന്ന് ഭാര്യയാണ് മറുപടി പറഞ്ഞത്. അവർക്ക് അപ്പോഴേക്കും കുറച്ചു ധൈര്യം ലഭിച്ചു എന്നു തോന്നുന്നു.

"സാറേ, ചെറുപ്പം മുതലേ തുടങ്ങിയ കുടിയാണ്. ദിവസം മൂന്നും നാലും തവണ കുടിക്കും. രണ്ടു വർഷംമുമ്പ് ഒരു തവണ രക്തം ഛർദ്ദിച്ചിരുന്നു. അന്ന് ആശുപത്രിയിൽ കൊണ്ടുപോയി പരിശോധിച്ചപ്പോൾ കരളിനു തകരാറുണ്ടെന്നു കണ്ടുപിടിച്ചു. മേലാൽ കുടിക്കരുതെന്നു പറഞ്ഞുവിട്ടതാണ്. കുറച്ചു ദിവസത്തേക്ക് മാറ്റമുണ്ടായിരുന്നു. പിന്നെയും പഴയ പടിയായി."

"ലിവർ സീറോസിസ് എന്ന അസുഖമാണെന്ന് ഡോക്ടർ പറഞ്ഞിരുന്നോ?"

"ഡോക്ടർ എന്തൊക്കെയോ പറഞ്ഞു, എനിക്കൊന്നും മനസ്സിലായില്ല."

"അമിതമായി മദ്യപിക്കുന്നവർക്കുണ്ടാകുന്ന അസുഖമാണ് ലിവർ സിറോസിസ്. അപൂർവമായി മദ്യപിക്കാത്തവർക്കും ഈ അസുഖം ഉണ്ടാകാം. ഈ അസുഖത്തിന്റെ ഒരു പ്രധാന ലക്ഷണമാണ് രക്തം ഛർദ്ദിക്കലും, അതോടൊപ്പം മുറിവുണ്ടായാൽ രക്തം നിലയ്ക്കാതെ വരുന്നതും."

"പല്ലെടുത്ത ഡോക്ടറോട് മുമ്പ് രക്തം ഛർദ്ദിച്ച കാര്യം പറഞ്ഞിരുന്നോ?"

"ഇല്ല."

"എന്താണു പറയാതിരുന്നത്?"

"പറയണമെന്ന് എനിക്കറിയില്ലായിരുന്നു. ഡോക്ടർ എന്നോടു ചോദിച്ചതുമില്ല."

"ചോദിച്ചില്ലെങ്കിലും ഇത്ര പ്രധാനപ്പെട്ട കാര്യം ഡോക്ടറോടു പറയേണ്ടതായിരുന്നു.



എന്തായാലും, ഉദരരോഗവിഭാഗത്തിലെ ഡോക്ടർമാരും പരിശോധിക്കേണ്ടിവരും. സ്കാനിങ്ങും മറ്റും വേണ്ടിവന്നേക്കാം. ഇന്നുതന്നെ റഫറൻസ് വിടാം. എന്താ സമ്മതമാണോ?"

വിജയനും ഭാര്യയും സമ്മതമാണെന്ന രീതിയിൽ തലയാട്ടി.

"ബ്ലഡ് ഗ്രൂപ്പിങ്ങും ക്രോസ് മാച്ചിങ്ങും ഉടൻ ചെയ്യണം. രക്തം കൊടുക്കേണ്ടിവന്നേക്കാം. തയ്യാറായിരിക്കുക." പി.ജി. വിദ്യാർഥിയോടായി ഞാൻ പറഞ്ഞു.

ഞങ്ങൾ വീണ്ടും റൗണ്ട്സ് തുടർന്നു. രണ്ടോ മൂന്നോ രോഗികൾ കഴിഞ്ഞുകാണും, അപ്പോഴേക്കും വിജയൻ കിടന്നിരുന്ന കട്ടിലിൽനിന്നും ഒരു വലിയ ശബ്ദംകേട്ടു. നോക്കിയപ്പോൾ ഫിറ്റ്സ് ഉണ്ടാകുന്നതുപോലെയുള്ള ചേഷ്ടകൾ അയാൾ കാണിക്കുന്നതു കണ്ടു. ഉടൻതന്നെ ഞങ്ങൾ വിജയന്റെ അടുത്തേക്ക് ഓടിച്ചെന്നു. കട്ടിലിൽനിന്നു താഴെ വീഴാതിരിക്കാൻ ഞങ്ങൾ ബലമായി അദ്ദേഹത്തെ പിടിച്ചു. ചേഷ്ടകൾ കഷ്ടിച്ചു രണ്ടുമിനിറ്റു നീണ്ടുനിന്നു കാണും. ഫിറ്റ്സിനുള്ള ഇൻജെക്ഷൻ കൊടുക്കാനായി നേഴ്സ് വന്നപ്പോഴേക്കും ഫിറ്റ്സ് ശമിച്ചു. വിജയൻ മയക്കത്തിലായി. എപിലെപ്സി ബാധിച്ച രോഗികൾക്ക് ഫിറ്റ്സ് ഉണ്ടാകുന്നതു ഞങ്ങൾ കണ്ടിട്ടുണ്ട്. എന്നാൽ, ആദ്യമായാണ് കരൾരോഗികൾക്ക് ഇതുണ്ടാകുന്നതു കാണുന്നത്. കരളിനു സിറോസിസ് ബാധിച്ചിട്ടുണ്ടെന്നുള്ള സംശയം ബലപ്പെട്ടു. ഉടൻതന്നെ വിജയനെ അടിയന്തരവിഭാഗത്തിലേക്കു മാറ്റി.

അവിടെ ചെന്നപ്പോഴേക്കും ബോധം പൂർണമായി നശിച്ചിരുന്നു. സിറോസിസ് ബാധിച്ചവർക്കുണ്ടാകുന്ന സങ്കീർണതയിലേക്ക് രോഗി വഴുതിയെന്നു മെഡിക്കൽ വിഭാഗം അഭിപ്രായപ്പെട്ടു. അതായത് 'ഹെപ്പാറ്റിക് കോമ.' ജീവൻ നിലനിർത്താൻ ഇനി കാര്യമായി ഒന്നുംതന്നെ ചെയ്യാനില്ല എന്നവർ ഞങ്ങളെ അറിയിച്ചു.

അന്നു വൈകുന്നേരം വിജയന്റെ പല്ലെടുത്ത ഡോക്ടർ എന്നെ ഫോണിൽ ബന്ധപ്പെട്ടു.

"സാറേ, ഞാൻ കഴിഞ്ഞദിവസം പല്ലെടുത്ത ഒരു പേഷ്യന്റ് മെഡിക്കൽ കോളജിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ടെന്നു കേട്ടു. നേരാണോ?"

"എന്താണു കേസ്? രോഗിയുടെ പേരെന്താണ്?"

"വിജയൻ എന്നാണു പേര്. ഞാൻ ഒരു പല്ല് എടുത്തിരുന്നു. പിന്നീട് ബ്ലീഡിങ് ആയിട്ട് പിറ്റേദിവസം എന്നെ വന്നു കണ്ടിരുന്നു. സ്റ്റിച്ച് ഇട്ടിട്ട് രക്തം നിന്നില്ല. അതുകൊണ്ടാണ് ഞാൻ അങ്ങോട്ടു രോഗിയെ റെഫർ ചെയ്തത്. ഒരു റെഫറൻസ് ലെറ്ററും കൊടുത്തിരുന്നു."

"ഇപ്പോൾ കേസെനിക്കു മനസ്സിലായി." ഞാൻ പറഞ്ഞു.

"സാർ, വിജയന് ഇപ്പോൾ എങ്ങനെയുണ്ട്?"

"അല്പം പ്രശ്നമാണ്."

"എന്താണു കാര്യം?"

ഞാൻ കാര്യങ്ങൾ വിശദീകരിച്ചു.

"സാർ, ദയവായി എന്നെ സഹായിക്കണം. എന്റെ ചികിത്സയെ കുറ്റപ്പെടുത്തി ദയവായി ഒന്നും അവരോടു പറയരുത്. രോഗിക്ക് എന്തെങ്കിലും സംഭവിച്ചാൽ വീട്ടുകാർ പ്രശ്നമുണ്ടാക്കും." അദ്ദേഹത്തിന്റെ സ്വരത്തിൽ കൂടുതൽ ആശങ്ക പ്രതിഫലിച്ചിരുന്നതായി ഞാൻ ശ്രദ്ധിച്ചു.

പിറ്റേദിവസം, ഞാൻ രോഗിയെ ഐസിയുവിൽ പോയിക്കണ്ടു. ഗുരുതരാവസ്ഥ അപ്പോഴും തുടരുകയാണെന്നു മനസ്സിലായി. തുടർന്നു ചികിത്സിക്കുന്ന ഡോക്ടറുമായി അല്പനേരം സംസാരിച്ചു. അദ്ദേഹം ഉപസംഹരിച്ചത് ഇങ്ങനെയാണ്:

"വലിയ പ്രതീക്ഷയൊന്നും വേണ്ട, ഏറിയാൽ രണ്ടോ മൂന്നോ ദിവസം. അറിയിക്കേണ്ടവരെ അറിയിക്കാൻ ഞങ്ങൾ ബന്ധുക്കളോടു പറഞ്ഞിട്ടുണ്ട്. പറ്റുമെങ്കിൽ ഡോക്ടറും അവരോടൊന്നു സംസാരിക്കുന്നതു നല്ലതായിരിക്കും."

"തീർച്ചയായും."

ഐ.സി.യു.വിനു പുറത്തിറങ്ങി ഞാൻ അല്പം സ്വരം ഉയർത്തി ചോദിച്ചു:

"വിജയന്റെ കൂടെയുള്ളത് ആരാണ്?"

അല്പം മാറി ഒരു കസേരയിൽ ഇരുന്ന ഒരാൾ എണീറ്റു വന്നു.

"നിങ്ങൾ ആരാണ്?"

"ഞാൻ വിജയന്റെ ഭാര്യയുടെ സഹോദരനാണ്."

അയാളോടു വിജയന്റെ വീട്ടിലെ കാര്യങ്ങളൊക്കെ ചോദിച്ചു മനസ്സിലാക്കി. എന്നിട്ടു പറഞ്ഞു:

"പെങ്ങളോടു കൂടുതലായി ഭയപ്പെടുത്തുന്ന രീതിയിൽ ഇപ്പോൾ ഒന്നും പറയേണ്ട. വിജയന്റെ അവസ്ഥ ഇപ്പോൾ വളരെ ഗുരുതരമാണ്. ഇവിടെ ലഭിക്കാവുന്ന ഏറ്റവും നല്ല ചികിത്സ നൽകുന്നുണ്ട്. മരുന്നിനോട് രോഗി പ്രതികരിക്കുന്നില്ല. അതിനാൽ, എപ്പോൾ എന്തുവേണമെങ്കിലും സംഭവിക്കാം. ഒരുങ്ങിയിരിക്കുക."

അയാളുടെ അടുത്ത ചോദ്യം ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്:

"രക്തം നിലയ്ക്കാതെ വരാനുള്ള കാരണം പല്ലെടുത്തതിന്റെ തകരാറാണോ?"

"ആണെന്നു തോന്നുന്നില്ല. കരളിന്റെ രോഗം മൂർച്ഛിച്ചവർക്കു ദേഹത്തിൽ മുറിവുണ്ടായാൽ രക്തം നിലയ്ക്കാതെ വരും. മിക്കവാറും കരൾരോഗത്തിന്റെ വിവരം വിജയൻ ഡോക്ടറോടു പറഞ്ഞു കാണുകയില്ല."

ഡോക്ടറുമായി സംസാരിച്ച കാര്യമൊന്നും ഞാൻ അയാളോടു പറഞ്ഞില്ല. അതു കൂടുതൽ സംശയത്തിനു കാരണമാകുമെന്ന് എനിക്കു തോന്നി. എന്റെ അഭിപ്രായം അദ്ദേഹത്തിനു സ്വീകാര്യമായെന്ന് എനിക്കു മനസ്സിലായി. കാരണം, കൂടുതലായി അദ്ദേഹം എന്നോടൊന്നും ചോദിച്ചില്ല.

ഡ്യൂട്ടിയിലുള്ള പി.ജി. വിദ്യാർഥിയുടെ ഫോൺ നമ്പർ അദ്ദേഹത്തിനു നൽകിക്കൊണ്ടു ഞാൻ പറഞ്ഞു:

"എന്തെങ്കിലും അത്യാവശ്യമുണ്ടായാൽ വിളിക്കാൻ മടിക്കേണ്ട."

പിറ്റേദിവസം ഉച്ചകഴിഞ്ഞ് ഡ്യൂട്ടി തീർന്നു വീട്ടിലേക്കു മടങ്ങാൻ ഒരുങ്ങുന്ന സമയത്ത് വിജയൻ മരിച്ചുവെന്ന് ഡ്യൂട്ടി ഡോക്ടർ എന്നെ വിളിച്ചറിയിച്ചു.

* * *

പല്ലെടുത്തു കഴിഞ്ഞാൽ ആദ്യത്തെ 24 മണിക്കൂർ നേരത്തേക്ക് അല്പം രക്തംവരുന്നത് സാധാരണമാണ്. അതുകഴിഞ്ഞാൽ തനിയെ നില്ക്കും. സ്റ്റിച്ച് ഇട്ടുകഴിഞ്ഞാൽ രക്തംവരുന്നത് കുറഞ്ഞിരിക്കും. എന്നാൽ, രോഗിക്ക് വേറെ എന്തെങ്കിലും ശാരീരികാസുഖങ്ങൾ ഉണ്ടെങ്കിൽ തുടർച്ചയായി രക്തസ്രാവം ഉണ്ടായേക്കാം. ഇതിന്റെ കാരണങ്ങൾ നിരവധിയാണ്.

ഉദാഹരണത്തിന്, ക്രമാതീതമായി രക്തസമ്മർദ്ദമുള്ളവർ, കരളിന്റെ രോഗമുള്ളവർ, രക്തം കട്ടപിടിക്കുന്നതു തടയുന്ന മരുന്നുകൾ കഴിക്കുന്നവർ (ആസ്പിരിൻ, ക്ലോപിഡ്രോഗൽ, ഡിണ്ടിവാൻ മുതലായവ), ജന്മനാ അസുഖമുള്ളവർ, രക്തത്തിലുള്ള അണുക്കളുടെ കുറവ് എന്നിവ രക്തസ്രാവത്തിനു കാരണമാവാം. ദന്തചികിത്സയ്ക്കായി വരുന്ന രോഗികൾക്ക് ഇവയിൽ ഏതെങ്കിലും അസുഖം ഉണ്ടോ എന്നു സാധാരണ ഡോക്ടർ ചോദിച്ചു മനസ്സിലാക്കും. എന്നാൽ, പലപ്പോഴും രോഗി പല കാര്യങ്ങളും മറച്ചുവയ്ക്കും. പല ആവൃത്തി ചോദിച്ചാൽപോലും പറയുകയില്ല. 'ഞാൻ പല്ലെടുക്കാൻ വന്നതല്ലേ, പിന്നെയെന്തിന് ഇവയെല്ലാം ഡോക്ടറോടു പറയണം' എന്ന മനോഭാവമാണു രോഗികൾക്ക്.

നമ്മുടെ ദേഹത്ത് ഒരു മുറിവുണ്ടായാൽ രക്തം കട്ടപിടിക്കുന്നത് രക്തത്തിലെ 12 ഘടകങ്ങളുടെ പ്രവർത്തനംമൂലമാണ്. ഇതിലെ ഓരോ ഘടകവും രക്തം കട്ടപിടിക്കുന്ന പ്രക്രിയയിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. ഇതിൽ ഏതെങ്കിലും ഘടകത്തിന്റെ അഭാവമുണ്ടെങ്കിൽ രക്തം കട്ടപിടിക്കുന്നതിനു താമസം നേരിടും. മനുഷ്യന്റെ കരളിലാണ് പല ഘടകങ്ങളും നിർമിക്കപ്പെടുന്നത്. അതിനാൽ, സിറോസിസ് രോഗം മൂർച്ഛിച്ചവർക്കു രക്തം കട്ടപിടിക്കുകയില്ല. അതുകൊണ്ടാണ്, വിജയന് പല്ലെടുത്തതിനുശേഷം രക്തസ്രാവം ഉണ്ടായത്. ■

Deepanalam Weekly

RNI No : 16998/68
Vol. 56 No. 33 Date of Publication 19 Oct 2023
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ

# കൂത്താട്ടുകുളം ടൗൺപള്ളിയിൽ

# വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

**2023 ഒക്ടോബർ 19 വ്യാഴം മുതൽ 28 ശനി വരെ**

തിരുനാൾ ദിവസങ്ങളിൽ

രാവിലെ 5.30, 7.00, 10.30, വൈകുന്നേരം 5.00 എന്നീ സമയങ്ങളിൽ
**വിശുദ്ധ കുർബാന, നൊവേന, വാഴ്‌വ്, അരിനേർച്ച**
വൈകിട്ട് 6.15 ന് 1001 എണ്ണത്തിരി തെളിക്കൽ ശുശ്രൂഷ

ഒക്ടോബർ 22 ഞായർ രാവിലെ 10 മണിക്ക് ആഘോഷമായ വി. കുർബാന, സന്ദേശം
**മാർ ജോസഫ് കല്ലറങ്ങാട്ട്** (പാലാ രൂപത മെത്രാൻ)

**പ്രധാന തിരുനാൾദിനമായ ഒക്ടോബർ 28–ന്**
വിശുദ്ധന്റെ തിരുശേഷിപ്പ്
വണങ്ങുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും
അന്നേദിവസം രാവിലെ 7.00 മുതൽ നെയ്യപ്പനേർച്ച ആരംഭിക്കും

എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 5.30, 7.00, 10.00, 11.30 ഉച്ചകഴിഞ്ഞ് 3.00, 5.00 എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും വാഴ്‌വും അരിനേർച്ചയും വൈകിട്ട് 6.15 ന് 1001 എണ്ണത്തിരി തെളിക്കൽ ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്.



---

തിരുനാൾ ആശംസകൾ

## ശാലോം സൂപ്പർമാർക്കറ്റ്

ഹോളി ഫാമിലി പള്ളിക്കു സമീപം, കൂത്താട്ടുകുളം
Ph : 9947267060 , 9539410565
ഫ്രഷ് വെജിറ്റബിൾസ് • ഫ്രൂട്ട്സ് • ഗ്രോസറി
മിതമായ നിരക്കിൽ
ഫ്രീ ഹോം ഡെലിവറി
ഹോൾസെയിൽ & റീട്ടെയിൽ

---



## തോട്ടത്തിൽ വാച്ച് ഹൗസ്

കൂത്താട്ടുകുളം. PH: 8714347020, 9447303020
TITAN CASIO CITIZEN fastrack TIMEX SONATA

---

തിരുനാൾ ആശംസകൾ

## BHARATH ALUMINIUM

NEAR HOLY FAMILY CHURCH, PANDIYAMAKKAL ARCADE,
KOOTHATTUKULAM, PH: 9745577722, 9745514500
bharathaluminiumkklm@gmail.com
Suppliers of Aluminium powder coated, anodized, electro - coloured wood-grain finished fabrication materials, Grill, PVS Coating sheet, PVC door
Steel Doors, FRP Doors, Fero Doors, upvc, Wpc, Steel Windows

---

വി. യൂദാശ്ലീഹായുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

*Administrator, Doctors & Staff*

## DEVAMATHA HOSPITAL

*Super Speciality care for the common man*
M.C. Road, KOOTHATTUKULAM
Ph: 0485 2252271, 9400652271

---

തിരുനാൾ ആശംസകൾ

## സ്വാതി

ഓഫ്സെറ്റ് പ്രിന്റേഴ്സ്

കൂത്താട്ടുകുളം
Mob: 9447052951

രാമപുരം
Mob: 9447973957

ഞങ്ങളുടെ സഹോദരസ്ഥാപനം

**GUIDELINE DESIGNERS**
N.S.S. Arcade, Koothattukulam Mob: 9447465103

---

തിരുനാൾ ആശംസകൾ

മൂന്നു പതിറ്റാണ്ടു കാലത്തെ സേവനപാരമ്പര്യം

## കുന്നുമ്മേൽ ഒപ്റ്റിക്കൽസ്

ഗവ. ഹോസ്പിറ്റലിന് എതിർവശം
എം.സി. റോഡ്, കൂത്താട്ടുകുളം
PH: 9447609165
*Free Computerised Eye Testing*



---

പ്രമുഖ കമ്പനികളുടെ ഇലക്ട്രിക്കൽ, സാനിട്ടറി ഉത്പന്നങ്ങളുടെ വിപുലമായ ശേഖരം

## ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ

എം.സി. റോഡ് , കൂത്താട്ടുകുളം
Ph: 0485–2252518, 2252401 (O), 2253401 (R), Mob 9447122524

## ജനറൽ മാർക്കറ്റിംഗ് ഏജൻസീസ്

നടപ്പുറം ബൈപ്പാസ് റോഡ് , കൂത്താട്ടുകുളം
Ph: 0485–2252518 (O), Mob:9447122524

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org